For *Chief Engineer.*

## തിരുവിതാംകൂർ പി. ഡബ്ലിയു. ഡി.

വേലകൾ ദർഖാസ്തുകൾക്കു വിട്ടുകൊടുക്കുന്നതായ പരസ്യം.

താഴെ പ്രസ്താവിക്കുന്ന വേലക്ക് ദർഖാസ്തുകൾ ആവശ്യപ്പെട്ടിരിക്കുന്നു.

വേല വിവരം—തിരുവനന്തപുരം [illegible] ജൂനിയർ [illegible] പുതുക്കിപ്പണിയുക.

[illegible] ഏകദേശ ചിലവ്—[illegible] ജൂനിയർ [illegible] രൂപ.

ദർഖാസ്തുകൾ [illegible] താഴെ കാണിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുകൊടുക്കേണ്ടതും [illegible] ആ ഉദ്യോഗസ്ഥൻ തന്റെ ആഫീസിൽ വച്ച് [illegible] തീയതി [illegible] തുറക്കുന്നതും ആകുന്നു. ഓരോ ദർഖാസ്തിനോടുകൂടി [illegible] രൂപാ വീതം ഡെപ്പോസിറ്റ് [illegible] രൂപാ ആയിട്ടോ പ്രാമിസറി നോട്ടായിട്ടോ സ്വീകരിക്കപ്പെടാത്തവർക്ക് [illegible] വേല എന്ന് ചെയ്തുതീർക്കുമെന്നു കാണിക്കേണ്ടതും ആകുന്നു.

സ്വീകരിക്കപ്പെടുന്ന ദർഖാസ്തുകാരൻ നോട്ടീസ് കിട്ടി [illegible] ദിവസത്തിനകം താൻ ഉടമ്പടി എഴുതിവയ്ക്കുകയും വേല ആരംഭിക്കുകയും ചെയ്യുന്നതിനു മുമ്പ് ഉടമ്പടിയുടെ [illegible] [illegible] രൂപാ [illegible] ഡെപ്പോസിറ്റ് [illegible] നിശ്ചയപ്രകാരം [illegible] ഉടമ്പടി ശരിയായി നടത്തും എന്നുള്ള ഉറപ്പിനുവേണ്ടി ജാമ്യമായി കെട്ടിവയ്ക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യാതിരുന്നാൽ [illegible] നിരതദ്രവ്യം സർക്കാരിലേക്കു മുതൽകൂട്ടുന്നതും ഉടമ്പടി വീണ്ടും ലേലം വിളിക്കപ്പെടുന്നതും ആകുന്നു. ഇങ്ങനെ ചെയ്യുന്നതിൽ സർക്കാരിനു വല്ല നഷ്ടവും സംഭവിക്കുന്നതായാൽ ആയതു മുൻ ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കപ്പെടുന്നതും ലാഭം വരികയാണെങ്കിൽ അതിന്മേൽ അയാൾക്ക് യാതൊരു അവകാശമില്ലാത്തതും ആകുന്നു.

ഒരു ദർഖാസ്തുകാരനു ഒന്നിൽ അധികം വേലക്കു ദർഖാസ്തുകൾ അയക്കപ്പെടാം എന്നാൽ [illegible] രൂപാ നിരതദ്രവ്യമായി കൊടുക്കേണ്ടതാകുന്നു. ദർഖാസ്തു സ്വീകരിക്കുന്ന [illegible] ചീഫ് ഇഞ്ചിനീയർക്കുള്ളതും ഏറ്റവും കുറഞ്ഞതോ [illegible] മറ്റു പ്രത്യേകമായ ദർഖാസ്തോ സ്വീകരിക്കണമെന്ന നിർബന്ധമില്ലാത്തതും ആകുന്നു.

ദർഖാസ്തു [illegible] ഈ പരസ്യപ്രകാരമല്ലാതെ [illegible] [illegible] വേലകൾക്കുള്ള ഉടമ്പടി ലേലം [illegible] [illegible] ഉള്ള [illegible] ഉള്ളതാകുന്നു.

വേലക്കു സംബന്ധിച്ചുള്ള പടങ്ങൾ ആഫീസിലുള്ള [illegible] എക്സിക്യൂട്ടീവ് ഇഞ്ചിനീയരുടെ ആഫീസിൽ വച്ചു കാണപ്പെടാവുന്നതാകുന്നു. ചെയ്യാനുള്ള വേലയുടെ വിവരവും ഉടമ്പടിയുടെ വ്യവസ്ഥകളും താഴെ കാണിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ വച്ച് ആഫീസുള്ള ദിവസങ്ങളിൽ ആഫീസുള്ള സമയം കാണപ്പെടാവുന്നതാകുന്നു.

[illegible] ദർഖാസ്തു ഫാറങ്ങൾ ഒരു ഫാറം [illegible] വിലയ്ക്കു താഴെ കാണിച്ചിരിക്കുന്ന [illegible] ആഫീസിൽ കിട്ടുന്നതും ആ ഫാറത്തിൽ എഴുതി അയക്കാത്ത ദർഖാസ്തുകൾ സ്വീകരിക്കപ്പെടുന്നതല്ലാത്തതും ആകുന്നു.

ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്ന [illegible] ആഫീസിൽ നിന്നും അറിഞ്ഞുകൊള്ളാവുന്നതാകുന്നു.

(ഒപ്പ്) എച്ച് എം. മിഞ്ചിൻ,
എക്സിക്യൂട്ടീവ് ഇഞ്ചിനീയർ

ചീഫ് ഇഞ്ചിനീയർക്കു വേണ്ടി,
എം. എച്ച്. ബോസ്റ്റോ,

## തിരുവാംകോട ചാനൽ ഇരണിയൽ കൈവഴി,

| വെല വിവരം | സ്ഥലങ്ങൾ — മയിൽ | സ്ഥലങ്ങൾ — അടി | ൫൦ അടി താഴ്ചയിൽ വെട്ടി ൨൦൦ അടി ദൂരെ കൊണ്ടിടേണ്ട മൺവെല ൫൦൦൦ ക്യൂബിക്കടികൾ | ൫൦ അടി താഴ്ച ൨൦൦ അടി ദൂരം ഉൾപ്പടെ വരമ്പുറപ്പിക്കുന്ന മൺവെല ൫൦൦൦ ക്യൂബിക്കടികൾ | ൨ ഇഞ്ചു അളവുള്ള കാൺക്രീററിനു ഉടയ്ക്കൽ കരിങ്കൽ ൫൦൦ ക്യൂബിക്കടികൾ | ഇട അടുക്കുന്നതിനു ൫൦൦ ക ൨൪ വീതമൊ കൂട്ടതലായൊ ഉള്ള കല്ലു ഉൾപ്പടെ ഉരുട്ടുക്കല്ല ൫൦൦ ക്യൂബിക്കടികൾ | മയിൽ കല്ലുകൾ | അതിർത്തി കല്ലുകൾ |
|---|---|---|---|---|---|---|---|---|
| ൧ാം മയിൽ ... ... | ... | ... | ൪൮൪൨.൦൦ | ... | ... | ... | ... | ൩൨ |
| ഹെഡ്‌വർക്ക് (തലവെല) ... | ... | ... | ... | ... | ൭൫൩ | ൮൯൯ | ... | ... |
| * ഇൻലററ് (അകത്തൊട്ടുള്ള വഴി) ... ... | ... | ൫൭൭൦ | ... | ... | ൨൩൦ | ൨൨൩ | ... | ... |
| ഫുട്ട ബ്രിഡ്ജ് (പാലം) ... | ... | ൩൩൬൦ | ... | ... | ൫൫൦ | ... | ... | ... |
| അണ്ടർ ററണൽ ൨ x ൨ (കീഴ്ഴുള്ള ഉരകം) ... ... | ... | ൪൭൩൦ | ... | ... | ൭൭൦ | ൯൩൯ | ... | ... |
| റൊഡ് പാലം ... ... | ... | ൯൫൯൦ | ... | ... | ൩൯൦ | ൫൭൯൯ | ... | ... |
| ൨ാം മയിൽ ... ... | ... | ... | ൯൫൪൫൩൪ | ൯൦൩൩൪ | ... | ... | ൫ | ൩൨ |
| അണ്ടർ ററണൽ ൨ x ൨ ... | ൫ | ൨൩൦൦ | ... | ... | ൫൫൦൦ | ൫൦൩൦ | ... | ... |
| § ഇൻലററ് ... ... ... | ൫ | ൩൦൯൦ | ... | ... | ൨൩൦ | ൨൨൩ | ... | ... |
| ൩ാം മയിൽ ... ... | ... | ... | ൪൩൨൪൩൦ | ൩൪൪൯൦ | ... | ... | ൫ | ൩൨ |
| ൪ാം മയിൽ ... ... | ... | ... | ൯൫൩൮൯൦ | ... | ... | ... | ൫ | ൩൨ |
| റൊഡ് പാലം ... ... | ൩ | ൨൯൦ | ... | ... | ൩൯൦ | ൫൭൯൯ | ... | ... |
| ‡ അണ്ടർ ററണൽ ൨ x ൨ ... | ൩ | ൫൭൯൦ | ... | ... | ൭൭൦ | ൯൩൯ | ... | ... |
| ഇൻലററ് ... ... ... | ... | ൩൦൯൦ | ... | ... | ൨൩൦ | ൨൨൩ | ... | ... |
| ൯ാം മയിൽ ... ... | ... | ... | ൪൩൪൯൨൦ | ൯൨൦൦൦ | ... | ... | ൫ | ൩൨ |
| ¶ ഇൻലററ് ... ... ... | ൪ | ൪൭൯൦ | ... | ... | ൨൩൦ | ൨൨൩ | ... | ... |
| ൬ാം മയിൽ ... ... | ... | ... | ൨൪൪൯൩൦ | ൫൩൨൨൫൦൦ | ... | ... | ൫ | ൩൨ |
| അണ്ടർ ററണൽ ൨ x ൨ ... | ൯ | ൬൫൨ | ... | ... | ൯൭൦ | ൯൩൯ | ... | ... |
| ൭ാം മയിൽ ... ... | ... | ... | ൪൪൪൭൩൦ | ൪൫൩൯൦ | ... | ... | ൫ | ൩൨ |
| † റൊഡ് പാലം ... ... | ൩ | ൫൫൩൩ | ... | ... | ൩൯൦ | ൫൭൯൯ | ... | ... |
| അണ്ടർ ററണൽ ൨ x ൨ ... | ... | ൩൯൯൦ | ... | ... | ൭൭൦ | ൯൩൯ | ... | ... |
| ഫുട്ട ബ്രിഡ്ജ് ... ... | ... | ... | ... | ... | ൫൫൦ | ... | ൫ | ൩൨ |

റിമാർക്ക:

* ൧. മണ്ണ് ചരൽ കടപ്പുള്ള ചെങ്കൽ മുതലായി പലമാതിരി നിലങ്ങളും പാറപൊടിക്കുന്നതിനും റെററിൽ ഉൾപ്പെടാത്ത താഴ്ചക്കും ദൂരത്തിനും പ്രത്യേകം റെററുകൾ ഭേദഗതിയായി അയക്കുന്നവർ പറയേണ്ടതാണ്.

§ ൨. ഉരുളകൾ കൂട്ടങ്ങൾ അടുക്കപ്പെടുന്നതിനു ഇടകൾക്ക ൫൦൦ ക ൨൪ വീതമൊ കൂട്ടതലായൊ കറപ്പുപ്പെടും പ്രസ്താവിച്ചിട്ടുള്ള തുകകൾ കവകൾ നീക്കി ആവശ്യമുള്ള തുകകളാണ്.

‡ ൩. ഉള്ളശ തുകകൾ ഉണ്ടാക്കാനിച്ചിട്ടുള്ളതു.

¶ ൪. കല്ലണികൾക്ക വേണ്ട സാമാനങ്ങൾ എടുപ്പിക്കേണ്ടതിനുള്ള അവകാശവും അവയെ സ്ഥലത്തു കൊടുക്കേണ്ടതാണോ കൂലി ഉൾപ്പെടുത്തിയിരിക്കുന്നു ഇതിനു പുറമെ യാതൊരു റെററു അനുവദിക്കുന്നതല്ലാ.

† ൭. സ്പെസിഫിക്കെഷൻ പകപ്പുകൾ ഡിവിഷൻ ആഫീസിൽ വച്ചു ആഫീസുള്ള സമയം കാണപ്പെടാവുന്നതാകുന്നു.

| വേല വിവരം | സ്ഥലങ്ങൾ | | ൧൦ അടി താഴ്ചയിൽ ൨൦൦ കോൽ വെട്ടി ദൂരെ കൊണ്ടിടേണ്ട മണ്ണിന്റെ ൧൦൦൦ ക്യൂബിക്ക് കടിക്ക | ൧൦ അടി താഴ്ച ൨൦൦ അടി ദൂരം ഉയരത്തോടുകൂടി വയൽ മണ്ണ് ൧൦൦൦ ക്യൂബിക്ക് വെട്ടി കടിക്ക | ൨ ഇഞ്ച് അളവുള്ള കോൺക്രീററ് കരിങ്കൽ ൧൦൦ ക്യൂബിക്ക് കടിക്ക | ഇടക്കണ്ണി ൧൦൦ ൨൦ വിതാനം ഇടയിൽ ഉള്ള കല്ലുകൾ ൧൦൦ ക്യൂബിക്ക് കടിക്ക | മയിൽ കല്ലുകൾ | ഫർലോങ്ങ് കല്ല് | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|
| | മയിൽ | അടി | | | | | | | |
| റോഡ് ബ്രിഡ്ജ് ... ... | ൩ | ൭൧൬൪ | ... | ... | ൩൭൦ | ൧൭൬ | ... | ... | |
| ൪ ാം മയിൽ ... ... | ... | ... | ൪൭൪൩൦൬ | ൭൭൨൪ | ... | ... | ൧ | ൩൨ | |
| ഇൻലററ് ... ... ... | ൭ | ൭൦൬൦ | ... | ... | ൨൩൦ | ൨൨൩ | ... | ... | |
| ൯ ാം മയിൽ ... ... | ... | ... | ൩൬൬൬൪൦ | ൨൪൯൭൬൦ | ... | ... | ൧ | ൩൨ | |
| ഇൻലററ് ... ... ... | ൪ | ൨൦ | ... | ... | ൨൩൦ | ൨൨൩ | ... | ... | |
| റോഡ് ബ്രിഡ്ജ് ... ... | ... | ൧൪൦൦ | ... | ... | ൩൮൦ | ൧൭൬ | ... | ... | |
| ഇൻലററ് ... ... ... | ... | ൬൨൬൦ | ... | ... | ൨൩൦ | ൨൨൩ | ... | ... | |
| ൧൦ ാം മയിൽ ... ... | ... | .. | ൩൦൯൩൦൦ | ൧൧൧൨൪൩൬ | ... | ... | ൧ | ൩൨ | |
| റോഡ് ബ്രിഡ്ജ് ... ... | ൯ | ൪൦൦ | ... | ... | ൩൬൦ | ൧൭൬ | ... | ... | |
| ഡ്രാപ്പ് ... ... ... | ... | ൧൩൦൦ | ... | ... | ൧൨൩൬ | ൩൯൭൦ | ... | ... | |
| അണ്ടർ ററണൽ ൨×൨ ... | ... | ൪൭൦൦ | ... | ... | ൧൧൦൦ | ൭൩൦ | ... | ... | |
| ഡ്രാപ്പ് ... ... ... | ... | ൪൪൪൬ | ... | .. | ൭൩൬ | ൪൩൬൦ | ... | ... | |
| ൧൧ ാം മയിൽ ... ... | ... | ... | ൨൦൧൩൭൬ | ൨൬൪൯൨൦ | ... | ... | ൧ | ൩൨ | |
| അണ്ടർ ററണൽ ൨×൨ ... | ൧൦ | ൩൧൩൬ | ... | ... | ൧൪൭൦ | ൧൦൦൦ | ... | ... | |
| റോഡ് ബ്രിഡ്ജ് ... ... | ... | ൪൩൩൬ | ... | ... | ൩൬൦ | ൧൭൬ | ... | ... | |

## Notice of auction sale of certain articles.

നമ്പർ ൯൯൨൭

### മൂവാററുപുഴ താലൂക്കു കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു

എഴുതിരിവ ഇല്ലാത്ത അറയിക്കാട്ടു ക്ഷേത്രത്തിന്റെ തെക്കും പടിഞ്ഞാറും വശം ഉള്ള ചുററമ്പലത്തിന്റെ പഴയ ഉരുപ്പടികൾ പഴക്കത്താൽ വീണു പോയിരിക്കുന്നതായി ദേവസ്വക്കാരിടെ റിപ്പോർട്ടു സഹിതം വിലവച്ചു വന്ന കണക്കുവച്ചു എഴുതി ബോധിപ്പിച്ചിരുന്നതിനു മറയ്ക്കു പരസ്യം തയാറാക്കി അയച്ചു റിപ്പോർട്ടു ചെയ്യണമെന്നു ൨൭൨൫-ാമതു നമ്പരിൽ ൰൦ മാസം ൧൯-നു എഴുതിയ ഉത്തരവുപ്രകാരം താഴെ വിവരം പറയുന്ന ഉരുപ്പടികൾ ൰൦ വരുന്ന ഇടവമാസം ൧൩-നു സ്ഥലത്തുവച്ചു ലേലം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു മനസ്സുള്ളവർ ഹാജരായി കൂടുതൽ തുകക്കു വിളിക്കേണ്ടതാകുന്നു ലേലത്തിൽ പിടിക്കുന്ന ആളുകൾ നാലിലൊന്നു ഡെമണി ഉടനെയും ശേഷം ഉത്തരവു വന്നു തെര്യപ്പെടുത്തുമ്പോഴും കെട്ടിവെക്കേണ്ടതാകുന്നു ലേലത്തിൽ പിടിക്കുന്നവർ അങ്ങനെ എങ്കിലും പണം കെട്ടിവെക്കാതെ വീണ്ടും ആവർത്തിച്ചു ലേലത്തിനു ഇടയാക്കിയാൽ അതിനാലുണ്ടാകുന്ന നഷ്ടത്തിനു ആദ്യലേലക്കാരൻ ഉത്തരവാദിയാകുന്നതും കൂടുതൽ വന്നാൽ അതിലേക്കു അവർക്കു അവകാശം ഇല്ലാത്തതും ആകുന്നു എന്നു

൧൦൭൯ മീനം ൩൧-നു

തഹശീൽദാർ കെ. പത്മനാഭയ്യർ.

### ഉരുപ്പടി വിവരം

൩ അര നീളം ൬ വീതി ൯ അര ഘനം ആഞ്ഞിലി മരത്തിൽ ഉത്തരം ഒന്നുക്കു പെരുക്കം ൧൫ൻ കാലും.

൬ വീതി ൯ അര ഘനം ൯ നീളം ആഞ്ഞിലി മരത്തിൽ ഉത്തരം ൧ ക്കു പെരുക്കം ൬൨ അരയും.

൩ വീതി ൨ അര ഘനം ൧ കാൽ നീളം ആഞ്ഞിലി മരത്തിൽ ചെററുപടി ൧ ക്കു പെരുക്കം ൧൭ മുക്കാലും.

൧൨ വീതി ൧ ഘനം ൨ കാൽ നീളം ആഞ്ഞിലി മരത്തിൽ കതകുപാളി ൨ ക്കു പെരുക്കം ൪൪.

൧൩ വീതി ൧ ഘനം ൧ അര നീളം ആഞ്ഞിലി മരത്തിൽ കതകുപാളി ൧ ക്കു പെരുക്കം ൨൪.

ആകെ ആഞ്ഞിലി മരത്തിൽ ഉരുപ്പടി എണ്ണം ൩ ക്കു പെരുക്കം ൯൨൯ അര ക്കു തുവട ൧൨ പെരുക്കം ൧൬ അര

൩ വീതി ൯ ഘനം ൫ നീളം തെക്കു മരത്തിൽ ഉത്തരം ൧ ക്കു പെരുക്കം ൻ൦.

൩ വീതി ൯ ഘനം ൯ നീളം ടി മരത്തിൽ ഉത്തരം ൧ ക്കു പെരുക്കം ൫൪.

൩ വീതി ൯ ഘനം ൩ അര നീളം തെക്കു മരത്തിൽ ഉത്തരം ൧ ക്കു പെരുക്കം ൧൧.

൩ വീതി ൯ ഘനം ൯ അര നീളം ടി മരത്തിൽ ഉത്തരം ൨ ക്കു പെരുക്കം ൧൨൩.

൩ വീതി ൯ ഘനം ൫ നീളം ടി മരത്തിൽ ഉത്തരം ൧ ക്കു പെരുക്കം ൻ൦.

൪ വീതി ൯ ഘനം ൪ നീളം ടി മരത്തിൽ ഉത്തരം ൧ ക്കു പെരുക്കം ൪൭.

൪ വീതി ൯ ഘനം ൪ നീളം ടി മരത്തിൽ മൊന്തായം ൧ ക്കു പെരുക്കം ൪൭.

൩ വീതി ൨ ഘനം ൧ കാൽ നീളം ടി മരത്തിൽ കഴിയൂത്തു ൨ ക്കു പെരുക്കം ൪൫.

൪ വീതി ൨ അര ഘനം ൯ അര നീളം ടി മരത്തിൽ മൊന്തായം ൧ ക്കു പെരുക്കം ൯൫.

൫ വീതി ൨ അര ഘനം ൨ നീളം ടി മരത്തിൽ കഴിയൂത്തു ൧ ക്കു പെരുക്കം ൨൫.

൫ വീതി ൧ അര ഘനം ൧ നീളം ടി മരത്തിൽ മല്ലു എണ്ണം ൬ ക്കു പെരുക്കം ൫൨ അരയും.

൫ വീതി ൨ അര ഘനം ൨ നീളം ടി മരത്തിൽ കഴിയൂത്തു ൧ ക്കു പെരുക്കം ൨൫.

൫ വീതി ൨ ഘനം ൧ അര നീളം ടി മരത്തിൽ കട്ടിളക്കാൽ ൨ ക്കു പെരുക്കം ൯൦.

൯ വീതി ൨ ഘനം ൧ അര നീളം ടി മരത്തിൽ തൊപ്പിത്തടി ൨ ക്കു പെരുക്കം ൧൭.

൩ വീതി ൯ ഘനം ൧ നീളം തെക്കു മരത്തിൽ കറുംപടി ൧ ക്കു പെരുക്കം ൧൭.

൩ വീതി ൯ ഘനം ൨ അര നീളം ടി മരത്തിൽ ഉത്തരം ൨ ക്കു പെരുക്കം ൻ൦.

൪ വീതി ൧ അര ഘനം ൧ അര നീളം ടി മരത്തിൽ കറുംപടി ൧ ക്കു പെരുക്കം ൰.

൪ വീതി ൧ ഘനം മുക്കാൽ നീളം ടി മരത്തിൽ കറുംപടി ൧ ക്കു പെരുക്കം ൯.

൯ വീതി ൨ ഘനം ൧ കാൽ നീളം ടി മരത്തിൽ കറുംപടി ൧ ക്കു പെരുക്കം ൧൨ അരയും.

൯ വീതി ൧ ഘനം ൧ അര നീളം ടി മരത്തിൽ കഴിയൂത്തു ൧ ക്കു പെരുക്കം ൪ അരയും.

൩ വീതി ൯ ഘനം ൧ കാൽ നീളം ടി മരത്തിൽ കഴിയൂത്തു ൧ ക്കു പെരുക്കം ൨൨ അരയും.

൯ വീതി ൨ ഘനം ൧ നീളം ടി മരത്തിൽ കഴിയൂത്തു ൧ ക്കു പെരുക്കം ൩.

൪ ചതുരം ൨ കാൽ നീളം ടി മരത്തിൽ തൂൺ ൯ ക്കു പെരുക്കം ൧൭.

ആകെ തെക്കു മരത്തിൽ ഉരുപ്പടി എണ്ണം ൩൩ ക്കു പെരുക്കം ൧൦൬ ക്കു കണ്ടി ൧ തുവട ൨൦ പെരുക്കം ൨൧.

ആകെ ആഞ്ഞിലിയും തെക്കുംകൂടി ഉരുപ്പടി ൪൨ ക്കു പെരുക്കം ൧൪൦൩ അരക്കു കണ്ടി ൨ തുവട ൧൨ പെരുക്കം ൧൪ അര

ആകെ ടി ഉരുപ്പടികൾക്കു ഉദ്ദേശം പിടിക്കും വില പണം ൯൦ ക്കു

## കുളംമരാമത്തു കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

ഇപ്പുറനിക്കാട്ട ദേവസ്വം പണിക്കു കെട്ടിപ്പൊളിച്ച ... മെൻപ്പുറ ഇനങ്ങളിലെ സാമാനങ്ങളും ... ഉപയോഗപ്പെടുത്തിയ ... മുതലായതും ... ലേലത്തിൽ വിൽപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ [illegible] ... നിന്നും ... [illegible] ... വിവരങ്ങൾ ... കച്ചേരിയിൽ നിന്നും ... അറിയാവുന്നതാകുന്നു.

സക്കീട്ട് തലേ }
൧൦൭൮-ാമത് മേടം ൩൧- }

[illegible]
[illegible]

ഇപ്പുറനിക്കാട്ട ദേവസ്വം പണിക്കു കെട്ടിപ്പൊളിച്ച പ്രകാരം മെൻപ്പുറ ഇനങ്ങളിലെ സാമാനങ്ങളും ... ഉപയോഗപ്പെടുത്തിയ ... മുതലായതും ലേലത്തിൽ വിൽപ്പിക്കേണ്ട വക വിവരം കാണിച്ച ലിസ്റ്റ്.

| നമ്പർ | സാമാന വിവരം | വില രൂ | ച | കാ |
|---|---|---|---|---|
| ൧ | പാരത്തിനും മെഴുക്കിനും ഉപയോഗപ്പെടുത്തിയിട്ടുള്ള ... ചെയ്ത കോൽ നീളത്തിൽ ൧൫൦ ക്കു വില | ൨൧ | ൧൨ | ,, |
| ൨ | ... പലകയിൽ ൯ അര കോൽ നീളത്തിൽ മുഴുവൻ ... ൧൦ ക്കു കോൽ ൯൫ ... ൪ ക്കു കോൽ ൩൦ ... വകക്കു വില | ൩ | ,, | ,, |
| ൩ | പഴയ ... മടൽ ൩൬ ക്കു വില | ,, | ,, | ,, |
| ൪ | കിണററിലെക്കു ഉപയോഗിച്ച ആട്ടകാത മുതലായ വകയിൽ ൨൫ അര അടിയിൽ പാറ ഒന്നും ൨൦ കാൽ അടിയിൽ പാറ ഒന്നും ൨൦ മുക്കാൽ അടിയിൽ പാറ ഒന്നും ൧൭ കാൽ അടിയിൽ പാറ ഒന്നും ൧൪ കാൽ അടിയിൽ പാറ ഒന്നും ൧൭ കാൽ അടിയിൽ ... രണ്ടും ൯ അര അടിയിൽ ... ഒന്നും ... അടി ൧൫൦ ക്കു ... ക്കു വില | ൩ | ,, | ,, |
| | മുന്നാഴി ... ൫ ... അടി ... ക്കു വില | ,, | ൧൨ | ,, |
| | കൊന്നത്തടി ൨ ക്കു നീളം അടി ൧൫ ക്കു വില | ,, | ൮ | ,, |
| | ... അടി നീളത്തിൽ വടം ഒന്നും ൧൮ അടി നീളത്തിൽ വടം ഒന്നും ൨൮ അടി നീളത്തിൽ വടം ഒന്നും ൧൯ മുക്കാൽ അടി നീളത്തിൽ വടം ഒന്നും ൧൫ അടി നീളത്തിൽ വടം രണ്ടും വകക്കു വില | ൨ | ,, | ,, |
| ൫ | ൧൭ ... വീതി ൧ അര ... ൧൭ കാൽ അടി നീളത്തിൽ ... പലകയും കപ്പിയും കരവും ... ഇരുമ്പിൽ ഓട്ടതാളും പൂട്ടും വലിച്ചുടയും കൂടിയുള്ളതിനു വില | ൧ | ൮ | ,, |
| | ൧൫ വീതി ൧ അര ... ൧൭ കാൽ അടി നീളം ... പലകയും നടക്കു സൂത്ര പട്ടികയും കമ്പും താഴത്തെ കപ്പിയും വലിച്ചുടപ്പൂട്ടും ഇരുമ്പു വളയവും ... നു വില | ൧ | ,, | ,, |
| | ആകെ വില | ൩൨ | ൧൬ | ,, |

ഡിവിഷൻ മരാമത്തു അമീനാമാർ കച്ചേരി

നമ്പർ ൻ൫൰

## ആലപ്പുഴ കച്ചവടം വക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ആലപ്പുഴ കൊട്ടാരം വക സാമാനങ്ങളിൽ പഴയതായും കെട്ടവന്നും ഉപയോഗമില്ലാതെയും ഇരിക്കുന്ന താഴെ വിവരം പറയുന്ന സാമാനങ്ങൾ ൟ മാസം ൨൫-ാം ബുധനാഴ്ച കാലത്തു ൧൦ മണിക്കു കൊട്ടാരത്തിൽ വച്ചു ലേലത്തിൽ വില്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ലേലത്തിൽ വിളികൊൾക്കുന്നതിനു മനസ്സുള്ളവർ ആ സമയം ഹാജരായി മുഴുവൻ വിളി കെട്ട ലേലത്തുക മുഴുവൻ ഉടൻ തന്നെ ഒടുക്കി സാമാനങ്ങൾ കൊണ്ടു പൊകെണ്ടതാകുന്നു.

൧൦൭൯ മെടം ൧൯-

ആ. കമ്മേഴ്സ്യൽ ഏജൻറു
എ. ഡബ്ലിയൂ. എൽ. വണ്ടിസ്.

### സാമാന വിവരം

#### ചെമ്പു വക

| | | |
|---|---|---|
| ൩൩ റാത്തൽ കെട്ടുള്ള പാന | ഉരു | ൨ |
| ൭ III റാത്തൽ കെട്ടുള്ള ചെമ്പുകുടം | ടി | ൨ |
| ൫൨ I ൦ ൫൪ ൦ റാത്തൽ കാതുൾപ്പടെ കെട്ടുള്ള കുട്ടകം | ടി | ൨ |

#### പിച്ചള വക

| | | |
|---|---|---|
| ൫ I = റാത്തൽ കെട്ടുള്ള കലയ കെണ്ടി | ഉരു | ൨ |
| ൩ റാത്തൽ കെട്ടുള്ള ചരുവചട്ടി | ടി | ൫ |
| ൪ II റാത്തൽ തവി ൨ ൦ ചട്ടുകം ൧ ൦ കോരിക ൧ ൦ ഉൾപ്പടെ | ടി | ൪ |

#### ഓട്ട വക

| | | |
|---|---|---|
| ൯ II = റാത്തൽ ൧ ൦ ൩൪ റാത്തൽ ൪ ൦ ൭ തിരി വിളക്കു കെട്ടുള്ള ഉൾപ്പടെ | ടി | ൫ |
| ൨ III റാത്തൽ ൫ തിരി വിളക്കു | ടി | ൧ |
| ൧ റാത്തൽ മെഴുകുതിരി വയ്ക്കുന്ന കുററി | | ൧ |
| ൯ I റാത്തൽ കെണ്ടി | ടി | ൨ |
| ൧ II റാത്തൽ ലോട്ട | ടി | ൧ |
| ൩൯ II റാത്തൽ കെട്ടുള്ള ഉരുളി | ടി | ൪ |
| ൪ II = റാത്തൽ കോളാമ്പി | ടി | ൧ |
| മെശ വിളക്കു | ടി | ൧ |

#### ഇരുമ്പു വക

| | | |
|---|---|---|
| ആമത്താഴ | ഉരു | ൧൫ |
| തലക്കൽ റാഗപത്തിപോലെ ഇരിക്കുന്ന കമ്പി | ടി | ൫ |
| കതകിൻെറ പൊളകെട്ട | ടി | ൩ |
| തുരുമ്പു പിടിച്ചും ഒടിഞ്ഞും ഇരിക്കുന്ന തോക്കിൻെറ അററത്തെ ചനിയൻ | ടി | ൮ |
| തുരുമ്പു പിടിച്ചിരിക്കുന്ന വിലങ്ങു വളയം | ടി | ൯ |
| കതകിൻെറ കുററി | ടി | ൯ |
| തുരുമ്പു പിടിച്ചിരിക്കുന്ന മഴു | ടി | ൧ |
| തുരുമ്പു പിടിച്ചിരിക്കുന്ന തുമ്പാചട്ടി | | ൧ |
| കൊടാലി | ടി | ൧ |
| കമ്മായം തേക്കുന്ന കെട്ടുള്ള കരണ്ടി | | ൨ |
| കതകിൻെറ പൂട്ടും താഴും കുടക്കനും കൂടി | | ൨ |
| ഒടിഞ്ഞും തുരുമ്പു തിന്നും ഇരിക്കുന്ന കുഞ്ഞുകുട്ടക്കാരുടെ തലപ്പാ | ഉരു | ൨ |
| വലിയതോക്കിൻെറ ഉണ്ട | ടി | ൧ |
| ദോശക്കല്ലു | ടി | ൧ |
| പലതരത്തിൽ കമ്പി | ടി | ൫൨ |
| താക്കോൽ | ടി | ൧൯ |

#### ഭരണി വക

| | | |
|---|---|---|
| വലിയ ബെങ്കാളഭരണി | ടി | ൧ |
| ചെറിയ വട്ട ഭരണി | ടി | ൧ |

#### ൟയ്യം വക

| | | |
|---|---|---|
| ൟയ്യക്കിണ്ണം | ടി | ൧൨ |

#### മററു വക

| | | |
|---|---|---|
| വട്ടപ്പലക | ടി | ൧൫ |
| പലകചേർത്തു കെട്ടിയിട്ടുള്ള ചെറിയ ഏണി | ടി | ൧ |
| കെട്ടുള്ള തലപ്പാക്കുററി | ടി | ൧ |
| കെട്ടുള്ള നാഴൂരി | ടി | ൧ |
| വാതൊറു വൈക്കുന്ന കുററി | ടി | ൪ |
| പത്തായം | ടി | ൧ |
| വലിയ അഴിക്കട്ടിൽ ൨ ൦ മെക്കട്ടി ചകരി മെത്തയൊട്ട കൂടിയ അഴിക്കട്ടിൽ ൧ ൦ ഉൾപ്പടെ അഴിക്കട്ടിൽ | ടി | ൩ |
| പലകകട്ടിൽ | ടി | ൩ |
| ആലാത്തു വണ്ടി | ടി | ൭ |
| കയ്യുള്ള തെക്ക കസേര | ടി | ൧ |
| ശ്രീപത്മനാഭസ്വാമിയുടെ രൂപം എഴുതിയ പള്ളി വില്ലു | ടി | ൧ |
| പഴയതും കെട്ടുള്ളതും ആയ പെട്ടകം | | ൧ |
| അററാക്കുററം ഉള്ള വെള്ളിയട ചട്ടം | ടി | ൧ |

#### കരിങ്കല്ലു വക

| | | |
|---|---|---|
| അമ്മിക്കല്ലു | ടി | ൪ |
| കഴവിക്കല്ലു | ടി | ൧൦ |
| കെട്ടുള്ള കൽചട്ടി | ടി | ൨ |
| സ്ലെറ്റു | ടി | ൧ |
| ചിന്താണി | ടി | ൧ |
| കെട്ടുള്ള റാന്തൽ വിളക്കു | ടി | ൨ |
| തുണിതോരന്ന് ഇടപ്പു മെശ ൧൦ | ടി | ൧ |

Notice of escheat properties.

നമ്പർ ൧൭൩൰.

മാവെലിക്കര സൂപ്പർവൈസരാപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മാവെലിക്കര പ്രവൃത്തിയിൽ പ്രായിക്കരമുറിയിൽ പറയഗാട്ടുവീട്ടിൽ നാരായണൻ നാരായണനും അവകാശികളും ഇല്ലെന്നു രജിസ്ട്രേഷൻ കെസകളിൽ വെളിപ്പെട്ടു ഇവിടെ വിചാരണ നടന്നു വരുന്നു നടന്നിടത്തൊളവും വിചാരണകളാൽ അവകാശികൾ ആരും ഉള്ളതായി വെളിവായിട്ടില്ലാ മെൽപ്പറഞ്ഞ പെരുകാരനൊ അവകാശികളൊ വല്ല സ്ഥലത്തും ഉണ്ടായിരുന്നാൽ ഒരം പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ൯൰ ദിവസത്തിനകം ഒരം ആപ്പീസിൽ ഹാജരായി ബൊധിപ്പിക്കെണ്ടതാണ് അവധി കഴിഞ്ഞ ഉടൻ അന്യംനിൽപ്പു സ്ഥിരപ്പെടുത്തി തീർച്ച ചെയ്യാൻ ഇടവരുന്നതും പിന്നീട വരുന്ന അപെക്ഷകളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു എന്ന

൧൦൬൫-ാമാണ്ടു മീനമാസം ൨൦-നു-

സൂപ്പർവൈസർ പത്മനാഭപിള്ള.

നമ്പർ ൯൩൰.

മാവെലിക്കര കണ്ടെഴുത്തു സൂപ്പർവൈസരാപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മാവെലിക്കര പകുതിവക രജിസ്ട്രേഷൻ ൧൭൨൦-ാം നമ്പർ കെസിൽപ്പെട്ട വസ്തുവിന്റെ പെരുംപതിവുകാരനായ മാവെലിക്കരപ്രവൃത്തിയിൽ കൊട്ടയ്ക്കകം മുറിയിൽ മടത്തിൽ കിഴക്കെതിൽവീട്ടിൽ നാരായണൻ കുമാരനും അവകാശികളും ഇല്ലെന്നു രജിസ്ട്രേഷൻ കെസിൽ വെളിപ്പെട്ടു ഇവിടെ വിചാരണ നടന്നുവരുന്നു നടന്നിടത്തൊളവും വിചാരണകളാൽ അവകാശികളായി ആരും ഒരുപ്രകാരം വെളിവായിട്ടില്ലാ പെരുംപതിവുകാരനൊ അവകാശികളൊ വല്ല സ്ഥലത്തും ഉണ്ടായിരുന്നാൽ ഒരം പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ൯൰ ദിവസത്തിനകം ഒരം ആപ്പീസിൽ ഹാജരായി ബൊധിപ്പിക്കെണ്ടതും അവധി കഴിഞ്ഞ ഉടൻ അന്യംനിൽപ്പു സ്ഥിരപ്പെടുത്തി തിരുമാനിപ്പാൻ ഇടവരുന്നതും പിന്നീട വരുന്ന അപെക്ഷകളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു എന്ന

൧൦൬൫-ാമാണ്ടു മീനമാസം ൨൦-നു-

സൂപ്പർവൈസർ പത്മനാഭപിള്ള.

നമ്പർ ൯൦൦

കരുനാഗപ്പള്ളി താലൂക്ക കച്ചെരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

പടനായൎകുളങ്ങര തെക്കുംമുറിയിൽ കൈപ്പള്ളി കിഴക്കതിൽ നാരായണി ൧൦൬൪-ാമാണ്ടു ചിങ്ങമാസം ൭-നു മരിച്ചു അന്യം നിൽപ്പു വിചാരണ നടത്തിയതിൽ അവകാശികൾ ഇല്ലെന്നു വെളിവായിരിക്കുന്നു അവകാശികളായി ആരെങ്കിലും ഉണ്ടെങ്കിൽ ഇതു ഗസെററിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ ൩൰ ദിവസത്തിനകം ഒരം താലൂക്ക കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളെണ്ടതും എന്നു ൧൦൬൫ മെടം ൩-നു-

തഹശീൽദാർ കെ. അനന്തനാരായണയ്യർ.

Notice regarding unclaimed properties.

നമ്പർ ൫൦൭൰

കാർത്തികപ്പള്ളി ൨-ാം ക്ലാസ്സ മജിസ്ട്രേട്ട കൊട്ടിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഹരിപ്പാട്ടു ക്ഷെത്രത്തിലെ ൯-ാം ഉത്സവ ദിവസമായ ൧൦൬൫ മെടം ൯-നു രാത്രി ക്ഷെത്രത്തിന കിഴക്കുവശം കമ്പക്കാലിന്റെ ചുവട്ടിൽ കിടന്നിരുന്നതും. ഉത്സവ ബന്ധവസ്തിനു നിയമിച്ചിരുന്ന ൨൭൦-ാം നമ്പർ കാൺസ്റ്റെബിളിനാൽ കണ്ടെടുക്കപ്പെട്ടു ഹരിപ്പാട്ടു സ്റ്റെഷൻ ഹൌസ്ടെ റിപ്പൊട്ട സഹിതം വന്നു ഉടമസ്ഥനെന്നിശ്ചയമില്ലാഴികയാൽ സ്ഥലം സ്റ്റെഷനിൽ സൂക്ഷിപ്പിച്ചിട്ടുള്ളതും. എട്ടു കമ്പിയും വളഞ്ഞകാലും ഉള്ളെശം ഒന്നര രൂപാ വില വരുന്നതും

ആയ കറുത്ത ഇമിറെഷൻ സിൽക്ക കട ഒന്നുക്കു ഉടമസ്ഥന്മാരായി ആരെങ്കിലും ഉണ്ടായിരുന്നാൽ ൟ പരസ്യം ഗെസെററിൽ പ്രസിദ്ധം ചെയ്യുന്നതു മുതൽ ൩൰ ദിവസത്തിനകം ൟ കോട്ടു മുമ്പാകെ ഹാജരായി തെളിവു സഹിതം ബൊധിപ്പിച്ചു കൊള്ളെണ്ടതാകുന്നു. അപ്രകാരം ചെയ്തിട്ടില്ലെന്നു കണ്ടാൽ അവധി കഴിഞ്ഞ ഉടനെ മെൽ പറഞ്ഞ കട ലെലത്തിൽ വിൽക്കുന്നതിനും ഉണ്ടാകുന്ന പണം സൎക്കാരിലെക്കു മുതൽ കൂട്ടുന്നതിനും ഇടവരുന്നതായിരിക്കും. അവധിക്കു ശെഷം വരവു അപെക്ഷകളെ സ്വീകരിക്കുന്നതല്ലാ എന്നു ൧൦൭൯ മെടം ൨൨൹

൨-ാം ക്ലാസ് മജിസ്ത്രെട്ടു,
എസ്. നാരായണപിള്ള.

നമ്പർ ൬൫൯.

നെടുമങ്ങാട്ട ൩-ാം ക്ലാസു മജിസ്ത്രെട്ടു കൊടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥന്മാരുടെ നിശ്ചയം ഇല്ലാതെ കരകുളത്തു പകുതി മയിൽക്കുററിക്കു സമീപം റൊഡിൽ നിന്നിരുന്നതും പാൽക്കുളങ്ങര അധികാരത്തിൽ കരിക്കകം മുറിയിൽ ചാക്കപ്പെരയിടത്തിൽ ഭഗവതി വെലായുധൻ കണ്ടുപിടിച്ചു നെടുമങ്ങാട്ട പൊലീസു സ്റ്റെഷനിൽ ഹാജരാക്കി അവിടെ സൂക്ഷിപ്പിച്ചിട്ടുള്ളതും ഉദ്ദെശം അഞ്ചു രൂപാ വിലയും ഒന്നര വയസ്സു പ്രായവും വരുന്ന തല വെങ്കനിറവും ശെഷം ഭാഗം വെളുപ്പു നിറത്തിൽ സ്ഥാനിയൽ ജാതിയിലുള്ള ആൺ പട്ടി ഒന്നിനു ഉടയക്കാരായി ആരെങ്കിലും ഉണ്ടായിരുന്നാൽ ൟ പരസ്യത്തിലെ തീയതി മുതൽ ൩൰ ദിവസത്തിനകം ൟ കച്ചെരി മുമ്പാകെ ഹാജരായി തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു അല്ലാത്തപക്ഷം അവധികഴിഞ്ഞു കൂടുമ്പോൾ മറക്കു ലെലത്തിൽ വിററുപ്പിച്ചു ഉണ്ടാകുന്ന പണം സൎക്കാരിലെക്കു മുതൽ കൂട്ടുന്നതാണ എന്നു

൧൦൭൯-ാമാണ്ടു മെടമാസം ൨൨൹

൩-ാം ക്ലാസു മജിസ്ത്രെട്ടു പത്മനാഭയ്യൻ.

## NOTICE

Is hereby given to the heirs and legal representatives of C. Venkiteswara Aiyar who was a Sub-Overseer in charge of Erauiel section in 1077, and who is reported to have died, that a sum of Rs. (9–19–4) nine, chuckrams nineteen, and cash four is due to the Sub-Overseer. They are required to submit their claims in person or by a duly authorised agent to the Division Officer, Kotayar Project Division within 3 months from date of publication of this notice, failing which, the money will be credited to Government.

The application should be accompanied by a decree or order of a civil court recognising the heirship of the claimant to the deceased or certificates of heirship which will be accepted only if they are satisfactory.

A. H. BASTOW,
For *Chief Engineer.*

## പരസ്യം

൧൦൭൭-ാമാണ്ടു ഇരണിയൽ സെക്ഷനിൽ സബ്ബ ഓവർസിയരായിരുന്നു മരിച്ചുപൊയ സി. വെങ്കിടെശ്വരയ്യരുടെ അവകാശികളെയും ചട്ടപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള പ്രതിനിധികളെയും തെര്യപ്പെടുത്തുന്നതെന്തെന്നാൽ

ടി സബ്ബ ഓവർസിയർക്കു രൂപാ (൯-൧൯-൪) ഒൻപതു ചക്രം പത്തൊൻപതു കാശു നാലു കൊടുപ്പാനുണ്ട്. ൟ പണത്തിനു അവൎക്കുള്ള അവകാശത്തെപ്പററി അവർതന്നെ നെരിട്ടൊ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കാൎയ്യസ്ഥൻ മൂലമൊ ൟ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്നു മാസത്തിനകം കൊതയാർ ഡിവിഷൻ ആഫീസരുടെ മുമ്പാകെ ബൊധിപ്പിക്കെണ്ടതാകുന്നു. അതിന്മണ്ണം ചെയ്യാതിരുന്നാൽ അവധി കഴിഞ്ഞ ഉടൻ ആ പണത്തിനെ സൎക്കാരിലെക്കു മുതൽകൂട്ടുന്നതാകുന്നു.

അവകാശ അപേക്ഷയോടുകൂടി ഹാജരാക്കപ്പെടുന്നവർ മരിച്ചുപോയ സി വെങ്കിടേശ്വരയ്യന്റെ അവകാശിയാണെന്ന സമ്മതിക്കുന്നതായ ഒരു സിവിൽകോർട്ടിലെ ഡിക്രിയൊ ഉത്തരവൊ അല്ലാത്തപക്ഷം അവകാശ സർട്ടിഫിക്കെറ്റുകളൊ ഹാജരാക്കേണ്ടതും ആ വക സർട്ടിഫിക്കെറ്റുകൾ തൃപ്തികരമായിരുന്നാൽ മാത്രം അംഗീകരിക്കപ്പെടുന്നതുമാകുന്നു.

ചീഫ് ഇഞ്ചിനീയറവെണ്ടി,

എം. എച്ച്. ബെസ്റ്റൊ.

## NOTICE

Is hereby given to Yacob Sha, or to the heirs and legal representatives of the said Yacob Sha who was the watcher of Aramboly inspection shed that a sum of Rs. 3-16-7 is due to him in the shape of salary for the month of Margaly. 1079. Of which Rs. 2-21-0 being the cost of a mamotty and two locks to be accounted for by him, have to be recovered, and a balance of Rs. 0-23-7, is actually payable.

The said Yacob Sha, or his heirs and legal representatives is, or are, required to submit his or their claims in person or by duly authorized agents to the Division Officer, Southern Division, within three months from the date of publication of this notice in the Travancore Government Gazette, failing which, the money payable will be credited to Government.

In the event of the heirs and legal representatives claiming the amount, their application should be accompanied by a decree or order of a Civil Court recognising their heirship, or by a certificate of heirship, which documents will be accepted only if they are found satisfactory.

A. H. BASTOW,
For Chief Engineer.

## നൊട്ടീസ്സ്.

ആരുവാമൊഴി ക്യാമ്പ് ഷെഡ് വാച്ചറായിരുന്ന യാക്കോബ് ഷായിന്നോ അല്ലെങ്കിൽ അയാളുടെ അവകാശികളെയൊ ചട്ടപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള പ്രതിനിധികളെയൊ തെര്യപ്പെടുത്തുന്നതു എന്തെന്നാൽ:—

ടി യാക്കോബ്ഷായിന്ന കഴിഞ്ഞ മാർകഴി മാസത്തെ ശമ്പളം വകയിൽ ചെല്ലുവാനുള്ള രൂപ ൩ ചക്രം ൧൬ കാശു ൭ ഇരിപ്പുള്ളതും അതിൽ ഒരു മൺവെട്ടിയുടെയും രണ്ടു പൂട്ടിന്റെയും വില രൂപാ ൨ ചക്രം ൨൧ ഈടാക്കാനുള്ളതു പോകെ ചക്രം ൨൩ കാശു ൭ കൊടുക്കേണ്ടതാകുന്നു.

ടി വക പണത്തിന്ന തനിക്കുള്ള അവകാശത്തെപ്പറ്റി യാക്കോബ്ഷായൊ അല്ലെങ്കിൽ അയാളുടെ അവകാശികളൊ ചട്ടപ്രകാരമുള്ള പ്രതിനിധികളൊ അവരവർ അല്ലെങ്കിൽ അവർ തന്നെ നേരിട്ടൊ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട കാര്യസ്ഥന്മാർ മുഖാന്തിരമൊ ടി പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്നു മാസത്തിനകം സതേൺ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ആഫീസ് മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം അവധി കഴിഞ്ഞയുടൻതന്നെ ആ വക പണത്തിനെ സർക്കാരിലേക്കു മുതൽ കൂട്ടുന്നതും ആകുന്നു.

അവകാശികളൊ പ്രതിനിധികളൊ തുകക്കു അവകാശപ്പെടുന്നപക്ഷം അവർ സമർപ്പിക്കുന്ന അവകാശ അപേക്ഷയോടുകൂടി അവരുടെ അവകാശത്തെ സമ്മതിക്കുന്നതായ ഒരു സിവിൽ കോർട്ട് ഡിക്രിയൊ ഉത്തരവൊ അല്ലെങ്കിൽ ഒരു അവകാശ സർട്ടിഫിക്കെറ്റൊ ഹാജരാക്കേണ്ടതും അപ്രകാരമുള്ള പ്രമാണങ്ങൾ തൃപ്തികരമായിരുന്നാൽ മാത്രം അംഗീകരിക്കപ്പെടുന്നതും ആകുന്നു.

ചീഫ് എൻജിനിയർക്കു വേണ്ടി എ. എച്ച്. ബാസ്റ്റൊ.

കാത്തികപ്പള്ളി സബ്ബ രജിസ്ത്രാരാപ്പീസിൽ രജിസ്റ്റർ ചെയ്യുന്നതിനു ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വകാക്ക രജിസ്ത്രെഷൻ റൂൾസ ൩൩ാം വകുപ്പനുസരിച്ചു എഴുതിയ പരസ്യം.

| ആധാരം ഹാജരാക്കിയ | | | ആധാരം രജിസ്റ്റർ ചെയ്കയൊ നിഷേധിക്കയൊ ചെയ്തു | | | | | ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്നു | ആധാരം എഴുതി കൊടുത്ത കക്ഷിയുടെ പെരും വിവരവും | ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പെരും വിവരവും | ആധാരം ഹാജരാക്കിയ ആളുടെ പെരും വിവരവും | ആധാരത്തിന്റെ ചുരുക്കം |
|---|---|---|---|---|---|---|---|---|---|---|---|---|
| ആണ്ടു | മാസം | തീയതി | ആണ്ടു | മാസം | തീയതി | പുസ്തകം | നമ്പ്ര | | | | | |
| ൧൦൭൯ | ചിങ്ങം | ൧൩ | ൧൦൭൯ | ചിങ്ങം | ൧൩ | ൭ | ൧൯൧൩ | രജിസ്റ്റർ ചെയ്തു | കൊഴിമുക്ക പ്രവൃത്തിയിൽ ഇടത്താ മുറിയിൽ ചക്കനാട്ടു നിന്നും പള്ളിപ്പാട്ട പ്രവൃത്തിയിൽ വടക്കെക്കര കിഴക്ക മുറിയിൽ പണ്ടാരത്തിൽ നമ്പ്രാണി കൊരതിന്റെ മക്കൾ കീവറിതു വക്കി | കൊഴിമുക്ക പ്രവൃത്തിയിൽ ഇടത്താ മുറിയിൽ ചക്കനാട്ടു നിന്നും പള്ളിപ്പാട്ട പ്രവൃത്തിയിൽ വടക്കെക്കര കിഴക്കുമുറിയിൽ പണ്ടാരത്തിൽ നമ്പ്രാണി സ്ത്രീ ചെച്ച ആച്ചി | ടി ചെച്ച ആച്ചി | സ്ഥാവര വസ്തു സംബന്ധിച്ച ൧൦൦ രൂപാ അത്ഥ പിടിപ്പ വച്ച എഴുതിയിട്ടുള്ള ധനനിശ്ചയ ഉടമ്പടി ആധാരം |

൧൦൭൯ മാണ്ടു മീനമാസം ൩൦ാം

സബ് രജിസ്ത്രാർ ഗണപതി അയ്യൻ.

വൈക്കം സബ്ബ് രജിസ്ത്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിൽ ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ
വകക്ക ൧൦൭൧-ാമാണ്ടത്തെ റൂൾസ് ...നാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതിയ ലിസ്റ്റു

| ആധാരം ഹാജരാക്കിയ | | | ആധാരം രജിസ്റ്റർ ചെയ്കയോ നിബന്ധിക്കയോ ചെയ്തു | | | | | ആധാരം രജിസ്റ്റർ ചെയ്യുകയോ നിബന്ധിക്കയോ ചെയ്തതോ എന്ന് | ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും | ആധാരം എഴുതിവാങ്ങിയ കക്ഷിയുടെ പേരും വിവരവും | ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും | ആധാരത്തിന്റെ ചുരുക്കം |
|---|---|---|---|---|---|---|---|---|---|---|---|---|
| ആണ്ട | മാസം | തിയതി | ആണ്ട | മാസം | തിയതി | പുസ്തകം | നമ്പ്ര | | | | | |
| ൧൦൯൬ | ധനു | ൧൩ | ൧൦൯൬ | ധനു | ൧൩ | ൧ | ൧൭൩൭ | രജിസ്റ്റർ ചെയ്തു | കലശേഖരമംഗലം പ്രവൃത്തിയിൽ ടി മുറിയിൽ കിഴക്കെ പാലക്കാട്ട വീട്ടിൽ ശങ്കരൻ കേശവൻ | കലശേഖരമംഗലം പ്രവൃത്തിയിൽ ടി മുറിയിൽ പുത്തൻപുരയ്ക്കലായ നടുവിലെ മണ്ടപപ്പള്ളിൽ കഞ്ഞു പരമേശ്വരൻ മുതൽപേരു | എഴുതി കൊടുത്ത കിഴക്കെ പാലക്കാട്ട വീട്ടിൽ ശങ്കരൻ കേശവൻ | സ്ഥാവരവസ്തു സംബന്ധിച്ചു ൨൫൦ രൂപയൊം നമ്പരായി രജിസ്റ്റർചെയ്ത പണയാധാരത്തിൽ പണം പററിയതായി എഴുതിട്ടുള്ള കീഴ്വാധാരം |
| | മകരം | ൮ | | മകരം | ൮ | ൧ | ൨൦൭൯ | | കലശേഖരമംഗലം പ്രവൃത്തിയിൽ വടക്കെ മുറിയിൽ നാരായണനല്ലൂർ നമ്പ്യാതിരി നാരായണൻ നാരായണൻ | വൈക്കം പ്രവൃത്തിയിൽ കിഴക്കും ചെമ്മെൽ വടക്കെ മുറിയിൽ തച്ചാട്ട ഇല്ലത്തു നമ്പീശൻ രാമകൃഷ്ണൻ | എഴുതി വാങ്ങിയ തച്ചാട്ട വീട്ടിൽ നിലകണ്ഠൻ രാമകൃഷ്ണൻ | സ്ഥാവരവസ്തു സംബന്ധിച്ചു ൩ പറ നെല്ലു പാട്ടവും ൧൦൦ പണം കാണവും ൩ പറ ഉഭയങ്ങൾ നെല്ലു പലിശ കഴിച്ചു ശേഷം ങ്ങഴി നെല്ലു മിച്ചവാരവും ഉറവ് വച്ചു എഴുതിട്ടുള്ള കാണയാധാരം |

൧൦൯൬-ാമാണ്ടു കുംഭമാസം ൧൨-നു

സബ്ബ രജിസ്ത്രാർ എം. ആർ. കുട്ടിപ്പിള്ള.

കൽക്കുളം സബ്ബ് രജിസ്ത്രാർ കച്ചെരിയിൽ രജിസ്റ്റർ ചെയ്യുന്നതിനു ചൊദിക്കാതെ കിടപ്പുള്ള

ആധാരത്തിന്റെ വകക്കു ൧൦൭൬-ാമാണ്ടത്തെ ൫൦-സ-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതിയ ലിസ്റ്റു.

| ആധാരം ഹാജരാക്കിയ | | | ആധാരം രജിസ്റ്റർ ചെയ്കയൊ നിഷേധിക്കയൊ ചെയ്ത | | | | | ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്ന | ആധാരംഎഴുതികൊടുത്ത കക്ഷിയുടെ പെരും വിവരവും | ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പെരും വിവരവും | ആധാരം ഹാജരാക്കിയ കക്ഷിയുടെ പെരും വിവരവും | ആധാരത്തിന്റെ ചുരുക്കം. |
|---|---|---|---|---|---|---|---|---|---|---|---|---|
| ആണ്ടു | മാസം | തിയതി | ആണ്ടു | മാസം | തിയതി | പുസ്തകം | നമ്പർ | | | | | |
| ൧൦൭൯ | കുംഭം | ൨൦ | ൧൦൭൯ | കുംഭം | ൨൦ | | ൫ | നിഷെധിച്ചതു | പള്ളിയാടി ദെശത്തു തച്ചൻവിളാകത്തു പുത്തൻ വീട്ടിൽ ശൂദ്ര സ്ത്രീ ഗൃഹഭരണം ആനന്തപ്പിള്ളയുടെ മകൾ ലക്ഷ്മിപ്പിള്ള | പള്ളിയാടി ദെശത്തു പുതുവീട്ടിൽ ശൂദ്രസ്ത്രീ ഗൃഹഭരണം നീലമ്പിള്ളയിടെ മകൾ ലക്ഷ്മിപ്പിള്ള | ടി ആനന്തപ്പിള്ളയുടെ മകൾ ലക്ഷ്മിപ്പിള്ള | ൭൦൦ ൧൦൬൯ അമ്പലത്തടി ൧൨ കരണിയിൽ കരണി അഞ്ഞാഴി നിലത്തിനു ൨൧൦ പണത്തിനു ഒററിയായി എഴുതി കൊടുത്തിരിക്കുന്നു എന്നു |

൧൦൭൯-ാമാണ്ടു മീനമാസം ൧൧-നു

സബ്ബ് രജിസ്ത്രാർ ഭഗവതിശാസ്ത്രൻ.

ഇരണിയൽ സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്തർ ചെയ്യുന്നതിൽ ചോദിക്കാതെ കിടപ്പുള്ള ആധാരത്തിന്റെ വകക്ക
൧൦൭൧-ാമാണ്ടത്തെ റൂൾസ്സിൽ ൩൩-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതു അനുസരിച്ച എഴുതിയ പരസ്യം.

| ആധാരം ഹാജരാക്കിയ: ആണ്ട | മാസം | തിയതി | ആധാരം രജിസ്തർ ചെയ്യുകയൊ നിഷേധിക്കയൊ ചെയ്തു: ആണ്ട | മാസം | തിയതി | പുസ്തകം | നമ്പ്ര | ആധാരം രജിസ്തർ ചെയ്യുകയൊ നിഷേധിക്കയൊ ചെയ്തു എന്ന | ആധാരം എഴുതി കൊടുത്ത കക്ഷിയുടെ പെരും വിവരവും | ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പെരും വിവരവും | ആധാരം ഹാജരാക്കിയ ആളിന്റെ പെരും വിവരവും | ആധാരത്തിന്റെ ചുരുക്കം |
|---|---|---|---|---|---|---|---|---|---|---|---|---|
| ൧൦൯൫ | കൎക്കടം | ൧൩ | ൧൦൯൬ | കൎക്കടം | ൧൩ | | ൨൭൭ | രജിസ്തർ ചെയ്യുന്നു | വെമ്പന്നൂർ ദെശത്തു വിരാലിവിള ഉവരിൽ സുബ്രഹ്മണ്യൻ മകൻ സുബ്രഹ്മണ്യൻ | വെമ്പന്നൂർ ഇലങ്കവടി വീട്ടിൽ പാർവ്വതിപ്പിള്ള മകൾ ലക്ഷ്മിപ്പിള്ള | സുബ്രഹ്മണ്യന്റെ മകൻ സുബ്രഹ്മണ്യൻ | സ്ഥാവരവസ്തു സംബന്ധിച്ച ൧൦൦ പണം അൎത്ഥത്തിനു എഴുതി കൊടുത്ത അൎത്ഥപ്പാട്ട ആധാരം |
| | | ൧൯ | | | ൧൯ | | ൨൭൮ | | ഇരണിയൽ കൊട്ടക്കകത്തു വലിയ വീടമുള്ള പുത്തൻ വീട്ടിൽ കണക്ക തമ്പി വെലായുധന്റെ മകൻ കണക്ക തമ്പി മല്ലൻ | കല്ലുവിൽ ഓലക്കൊട്ട മണലിവിളാകത്തു വീട്ടിൽ നിന്നും ഇരണിയൽ താമസിക്കുന്ന ചെമ്പകക്കുട്ടി മകൾ മാതെവി മുതൽ പെര ൨ | കണക്ക തമ്പി വെലായുധന്റെ മകൻ കണക്ക തമ്പി മല്ലൻ | സ്ഥാവരവസ്തു സംബന്ധിച്ച ൧൦൦ പണം അൎത്ഥത്തിനു എഴുതി കൊടുത്ത ഒററി ആധാരം |

൧൦൯൬-ാമാണ്ട മീനമാസം ൨൦-നു-

സബ്ബ രജിസ്ത്രാർ കെ. യു. അലക്സാണ്ടർ

നാഗായിക്കളം സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുന്നതിൽ ചൊദിക്കാതെ കിടപ്പുള്ള ആധാരങ്ങളിടെ വകയ്ക്കു

൧൦൭൯-ാമാണ്ടത്തെ രജിസ്ത്രേഷൻ റൂൾസ്സ ൬൭-ാം വകുപ്പനുസരിച്ച എഴുതിയ ലിസ്റ്റ.

| ആധാരം ഹാജരാക്കിയ | | | രജിസ്റ്റർചെയ്കയൊ നിഷേധിക്കയൊ ചെയ്ത | | | | | ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്ന | ആധാരം എഴുതികൊടുത്ത കക്ഷിയുടെ പെരും വിവരവും | ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പെരും വിവരവും | ആധാരം ഹാജരാക്കിയ കക്ഷിയുടെ പെരും വിവരവും | ആധാരത്തിന്റെ ചുരുക്കം |
|---|---|---|---|---|---|---|---|---|---|---|---|---|
| ആണ്ട | മാസം | തിയ്യതി | ആണ്ട | മാസം | തിയ്യതി | പുസ്തകം | നമ്പർ | | | | | |
| ൧൦൭൯ | മകരം | ൨൦ | ൧൦൭൯ | മകരം | ൨൦ | | ൧൨൯൨ | രജിസ്റ്റർചെയ്തു | ഓടെററി ദെശത്തു ദെയിവത്തും വിളാകം പുരയിടവും ഉള്ള പറമ്പിൽ പുരയിടത്തിൽ തിരുതനാച്ചി | ഓടെററി ദെശത്തു കണ്ണംകര വിട്ടിൽ കൃഷ്ണൻ രാമൻ | ഓടെററി ദെശത്തു കണ്ണംകര വീട്ടിൽ കൃഷ്ണൻ രാമൻ | വക്കല അധികാരത്തിൽ ഇടവാ പകുതിയിൽ ഓടെററി ദെശത്തു പണ്ടാരം ററി സർവ്വെ ൧൨൩൧൦ൽ ൧൭൧ സെൻറിൽ ഉൾപ്പെട്ട ൨൪ തടി ൧ നിലം ൧ പറ ൨ം വെരെ വസ്തുക്കളും കൂടി ഒരംട സ്ഥാപിച്ചു കൊടുത്തിരുന്ന കുടമറിപ്രകാരമുള്ള പണം ൧൦൦൦വും പററികൊണ്ടു എഴുതി കൊടുത്ത പറതെതഴുത്തു |
| | | | | | | | ൧൨൯൩ | | ഓടെററി ദെശത്തു കണ്ണംകര വിട്ടിൽ കൃഷ്ണൻ രാമൻ | ഓടെററി ദെശത്തു പറമ്പിൽ പുരയിടത്തിൽ നിന്നാം ഉണ്ടത്തിൽ പുരയിടത്തിൽ താമസിക്കുന്ന കണാൻപിള്ള മീരാവു മുതൽ പെരു | ഓടെററി ദെശത്തു കണ്ണംകര വിട്ടിൽ കൃഷ്ണൻ രാമൻ | വക്കല അധികാരത്തിൽ ഇടവാ പകുതിയിൽ ഓടെററി ദെശത്തു പണ്ടാരപാട്ടം സർവ്വെ ൧൧൨൭ൽ ൪൬ സെൻറുള്ള ൭൭ൽ തടി ൩ നിലം ൪ പറയും വെരെ വസ്തുക്കളും കൂടി ഒരംട സ്ഥാപിച്ചു ൨൦൦൦ പണം വാങ്ങിയ വകക്ക എഴുതി കൊടുത്ത ചുണ്ടി പണയ ആധാരം |

൧൦൭൯-ാമാണ്ട മീനമാസം ൨൭-നു

സബ്ബ രജിസ്ട്രാർ കുമാരസ്വാമിപ്പിള്ള.

നാഗപ്പായിക്കളും സബ്ബ രജിസ്ത്രാരാഫീസിൽ രജിസ്റ്റർ ചെയ്യുന്നതിൽ ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ
വകക്ക ൧൦൭൮ ാമാണ്ടത്തെ രജിസ്ത്രേഷൻ റൂൾസ ൩൧ ാം വകുപ്പനുസരിച്ച എഴുതിയ ലിസ്റ്റ

| ആധാരം ഹാജരാക്കിയ | | | ആധാരം രജിസ്റ്റർ ചെയ്യുകയൊ നിഷേധിക്കയൊ ചെയ്ത | | | | | ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്ന | ആധാരം എഴുതി കൊടുത്തകക്ഷിയുടെ പെരും വിവരവും | ആധാരം എഴുതി വാങ്ങിയ ആളിന്റെ പെരും വിവരവും | ആധാരം ഹാജരാക്കിയ ആളിന്റെ പെരും വിവരവും | ആധാരത്തിന്റെ ചുരുക്കം |
|---|---|---|---|---|---|---|---|---|---|---|---|---|
| ആണ്ട | മാസം | തിയതി | ആണ്ട | മാസം | തിയതി | പുസ്തകം | നമ്പ്ര | | | | | |
| ൧൦൯ൻ | കംഭം | ൧൩ | ൧൦൯ൻ | കംഭം | ൧൩ | | ൧൭൨൪ | രജിസ്റ്റർ ചെയ്തു | മെവക്കൽ ദെശത്തു വലിയകയി നിലപരയിടം കൂടിയുള്ള ചിററാറവങ്കര ദെശത്തു വെംകവിള പുരയിടത്തിൽ ശങ്കരൻ പത്മനാഭനെ മുതൽപെർ | മെലക്കര ദെശത്തു വരയം പുരയിടത്തിൽ ശങ്കരൻ പത്മനാഭൻ | വലിയകയിനിലപുരയിടം കൂടിയുള്ള ചിററാറവങ്കര ദെശത്തു വെംകവിള പുരയിടത്തിൽ ശങ്കരൻ പത്മനാഭൻ | കിളിമാനൂര അധികാരത്തിൽ പഴയ കുന്നുമ്മൽ പകുതിയിൽ പഴയ കുന്നുമ്മൽ ദെശത്തു പണ്ടാരപാട്ടം സർവെ ൧൭൧൩ എക്കർ ൩൧ സെന്റുള്ള ലക്ഷം തിട്ടമിട്ടുള്ള വെട്ടുവിള പുരയിടം ൧ൽ ഒന്ന പകുതി കിഴക്കുപുരയിടവും മെറെ വസ്തുക്കളും കൂടി ൩൦൦ രൂപായുടെ ഉറപ്പിന്മെൽ എഴുതി കൊടുത്ത ചിട്ടി കച്ചീട്ട |

൧൦൯ൻ ൨൨ാണ്ടു മീനമാസം ൨൭ാം-

സബ്ബ രജിസ്ത്രാർ കുമാരസ്വാമിപ്പിള്ള

നാഗരായിക്കാളം സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യപ്പെടാൻ ചൊദിക്കപ്പെട്ടിട്ടുള്ള ആധാരങ്ങളെ ൧൦൭൯-ാമാണ്ടത്തെ റൂൾസ് നമ്പ്രാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച് എഴുതിയ ലിസ്റ്റ്.

| ആധാരം ഹാജരാക്കിയ: ൧൦൭൯ | മാസം | തീയതി | രജിസ്റ്റർ ചെയ്യുകയൊ നിഷേധിക്കയൊ ചെയ്ത: ആണ്ട് | മാസം | തീയതി | പുസ്തകം | നമ്പർ | രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്നുള്ള വിവരം | ആധാരം എഴുതി കൊടുത്ത ആളുടെ പേരും വിവരവും | ആധാരം എഴുതി വാങ്ങിയ ആളുടെ പേരും വിവരവും | ആധാരം ഹാജരാക്കിയ ആളുടെ പേരും വിവരവും | ആധാരത്തിന്റെ ചുരുക്കം |
|---|---|---|---|---|---|---|---|---|---|---|---|---|
| ൧൦൭൯ | കുംഭം | ൨൭ | ൧൦൭൯ | കുംഭം | ൨൭ | | ൧ | നിരസിച്ചു | നെടുങ്ങണ്ട ദെശത്തു തൊണ്ടലിൽ വീട്ടിൽ നാരായണൻ രാമൻ മുതൽപെർ | മെക്കത്തെ ദെശത്തു പന്നൊട്ടുകൊണത്തു പള്ളിവിളാകം പുരയിടപ്പെട്ട കുടിയുള്ള നെടുങ്ങണ്ട ദെശത്തു ചരുകുപണ പുരയിടത്തിൽ വെലായുധൻ കൃഷ്ണൻ | പള്ളിവിളാകം പുരയിടപ്പെട്ട കുടിയുള്ള നെടുങ്ങണ്ട ദെശത്തു ചരുകുപണ പുരയിടത്തിൽ വെലായുധൻ കൃഷ്ണൻ | വക്കലെ അധികാരത്തിൽ വെട്ടൂർ പകുതിയിൽ നെടുങ്ങണ്ട ദെശത്തു പണ്ടാരപ്പാട്ടം സർവ്വെ നമ്പരിൽ ബി ലറററിൽ വരുന്ന സെന്റുള്ള ൧൨൭ തൊണ്ടലിൽ പുരയിടവും വെറെ വസ്തുക്കളും കൂടി ൧൦൭൯ രൂപായുടെ ഉറുപ്പിക വെണ്ടി എഴുതികൊടുത്ത ചിട്ടി ഉടമ്പടി |
| ൧൦൭൯ | കുംഭം | ൩൦ | ൧൦൭൯ | കുംഭം | ൩൦ | | ൧൫൭൬ | രജിസ്റ്റർ ചെയ്തു | ഇടവാക്കടി ദെശത്തു ആലുംമൂട്ടു വീട്ടിൽ പത്മനാഭൻ ശങ്കരൻ മുതൽപെർ | ഓടറിൽ ദെശത്തു കണ്ണംകര വീട്ടിൽ കൃഷ്ണൻ രാമൻ | ഓടററി ദെശത്തു കണ്ണംകര വീട്ടിൽ കൃഷ്ണൻ രാമൻ | വക്കലെ അധികാരത്തിൽ ഇടവാ പകുതിയിൽ ഓടററി ദെശത്തു പണ്ടാരപാട്ടം സർവ്വെ ൧൧൨ൽ ഒരു സെന്റുള്ള ൭ൽ തടി ൩ നിലം ൧ പറയും ൧൦൦൦ പണത്തിനു എഴുതികൊടുത്തിട്ടുള്ള ഒറ്റിയാധാരം |

൧൦൭൯-ാമാണ്ടു മീനമാസം ൨൧-നു

സബ്ബ രജിസ്ത്രാർ കുമാരസ്വാമിപ്പിള്ള.

പത്മനാഭപുരം ഡിവിഷൻ അസിസ്റ്റൻറു കച്ചേരിയിൽ നിന്നും ൧൦൯൭-മാണ്ടത്തെ ൩-ാം റെഗുലേഷൻ ൩-ാം വകുപ്പുപ്രകാരം എഴുതുന്ന പരസ്യം എന്തെന്നാൽ

൧. തൊവാള മണ്ടപത്തുംവാതുക്കൽ അനന്തപുരം പ്രവൃത്തിയിൽ അനന്തപുരം മുറിയിൽ നിന്നും പൊയ്കമല റിസർവിലേക്ക സ്ഥലം എടുക്കുന്നതിനു മാതെവൻ സുബ്രഹ്മണ്യൻ മുതൽപെരുടെവക പുരയിടങ്ങളിൽ നിന്നും ൧൦൩൭൦ ചതുരശ്ര ജാതിഅടി സ്ഥലം എടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൨. ആ പുരയിടങ്ങളിന്മെലുള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബാദ്ധ്യതയുള്ള ആളുകൾ തന്നെയൊ കാര്യസ്ഥൻ മുഖാന്തരമൊ ഇടവമാസം ൩൦-ാം തീയതി കച്ചേരി മുമ്പാകെ ഹാജരായി ബൊധിപ്പിച്ചുകൊള്ളണം.

൩. ആ അപെക്ഷയിൽ ഓരോരുത്തർക്കും ടി വസ്തുക്കളിന്മെലുള്ള ബാദ്ധ്യതയുടെ സ്വഭാവത്തെയും ആ വിധ ബാദ്ധ്യതകൾക്ക വെണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിന്റെ വിവരങ്ങളെയും പ്രതിഫല തുകയെയും വിവരിച്ചിരിക്കെണ്ടതാകുന്നു എന്ന

൧൦൯൭-മാണ്ട മെടമാസം ൧൮-നു

അസിസ്റ്റൻറ രംഗനാഥയ്യൻ.

വസ്തു വിവരം.

| പയമാശ നമ്പർ | സ്ഥലം എടുക്കുന്ന ഉദ്ദേശം | വസ്തു കിടക്കുന്ന താലൂക്ക | പ്രവൃത്തി | മുറി | സർവെ നമ്പർ | സബ്ഡിവിഷൻ നമ്പർ | ഇനം | നിലമോ പുരയിടമോ എന്ന | എടുക്കുന്ന സ്ഥലത്തിന്റെ നീളം അടി | വീതി അടി | പൊതുക്കം അടി | വൃക്ഷത്തിന്റെയും മറ്റും വിവരം | പെരിൽപതിവുകാരന്റെ പെര | അനുഭവക്കാരന്റെ പെര | വിചാരണയ്ക്കു ഹാജരാകേണ്ട ദിവസം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ൧൫൦ | പൊയ്കമല റിസർവിലെക്ക | തൊവാള | അനന്തപുരം | അനന്തപുരം | ൨൭൦൬ | ഏ | ശ്രീപണ്ടാരപ്പാട്ടം | പുരയിടം | ... | ... | ൨൭൦൦ | ചെതമില്ലാത്ത പന ൧൦ | മാതെവൻ സുബ്രഹ്മണ്യനും ശിവതാണുവൻ കെശവനും | കടക്കര മാതെവൻ സുബ്രഹ്മണ്യനും ചെൺപകരാമൻ പുത്തൻ പട്ടമുടയാൻ ചെൺപകരാമനും | ൧൦൯൭ ഇടവം ൩൦-നു |
| ൧൫൧ | | | | | ൧൭൦൪ | ... | ശ്രീപണ്ടാരജന്മം | | ... | ... | ൩൩൭൭൦ | ... | മുത്താച്ചി രാമലക്ഷ്മി | തുവരക്കാട്ടു മുത്താച്ചി രാമലക്ഷ്മി | |
| ൧൫൨ | | | | | ൨൭൦൩ | ബി | | | ... | ... | ൩൦൪൩൨ | ചെതമില്ലാത്ത പന ൩ | സഹസ്രനാമൻ രാമലിംഗയ്യൻ | ശ്രുതപ്പാണ്ടി സഹസ്രനാമൻ രാമലിംഗയ്യൻ | |
| ൧൫൩ | | | | | ൨൭൦൪ | ഏ | ശ്രീപണ്ടാരജന്മം | | ... | ... | ൧൦൦൩൨ (ര) | ചെതമില്ലാത്ത പന ൩ | നഗരം ചൊക്കലിംഗം താണുമാലയപ്പെരുമാൾ മുതലിയാർ | കടക്കര കുഞ്ഞൻ പണ്ടാരം മാടസാമി നാരായണൻ | |

പത്മനാഭപുരം ഡിവിഷൻ അസിസ്റ്റൻറു കച്ചേരിയിൽ നിന്നും ൧൦൭൯-മാണ്ടത്തെ ൩-ാം റെഗുലെഷൻ ൬-ാം വകുപ്പും പ്രകാരം എഴുതുന്ന പരസ്യം എന്തെന്നാൽ

൧. തൊവാള മണ്ടപത്തുംവാതുക്കൽ തൊവാള പ്രവൃത്തിയിൽ ചെണ്ടുകരാമൻപുതൂർ മറിയിൽ നിന്നാ പണ്ണാവുകുളം എടുക്കുന്നതിനു ഭൂമികാവലപ്പെരുമാൾ ചെണ്ടുകക്കണ്ണുമുതൽപേരുടെ വക പുരയിടങ്ങളിൽ നിന്നും ൧൦൯൦൫൫൦ ചതുരശ്ര ജാതി അടി സ്ഥലം എടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൨. ആ പുരയിടങ്ങളിന്മേലുള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബാദ്ധ്യതയുള്ള ആളുകൾ തന്നെയൊ കാര്യസ്ഥൻ മുഖാന്തരമൊ ഇടവമാസം ൨൦-ാം൦ കച്ചേരി മുമ്പാകെ ഹാജരായി ബൊധിപ്പിച്ചു കൊള്ളണം.

൩. ആ അപെക്ഷയിൽ ഓരോരുത്തർക്കും ടി വസ്തുക്കളിന്മേലുള്ള ബാദ്ധ്യതയുടെ സ്വഭാവത്തെയും ആ വിധ ബാദ്ധ്യതകൾക്കു വെണ്ട പ്രതിഫലത്തിനുള്ള അവരുടെ അവകാശത്തിൻെറ വിവരങ്ങളെയും പ്രതിഫല തുകയെയും വിവരിച്ചിരിക്കെണ്ടതാകുന്നു എന്നു

൧൦൭൯-മാണ്ടു മെടമാസം ൧൩-ാം

അസിസ്റ്റൻറ രംഗനാചാരിയർ.

വസ്തു വിവരം.

| പയൽ നമ്പർ | സ്ഥലം എടുക്കുന്നതു ഇന്ന ആവശ്യത്തിനെന്നു | വസ്തു കിടക്കുന്ന താലൂക്ക | പ്രവൃത്തി | മുറി | സർവെ നമ്പർ | ഡിവിഷൻ | ജന്മം | നിലമൊ പുരയിടമൊ എന്നു | എടുക്കുന്ന സ്ഥലത്തിൻെറ നീളം അടി | വീതി അടി | പെരുക്കം അടി | വൃക്ഷത്തിൻെറയും മറ്റും വിവരം | പെരിൽ പതിവുകാരൻെറ പെര | അനുഭവക്കാരൻെറ പെര | വിചാരണ ദിവസം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ൧൩൧ | പണ്ണാവുകുളം വെട്ടി എടുപ്പാൻ | തൊവാള | തൊവാള | ചെണ്ടുകരാമൻപുതൂർ | ൨൦൪൧ | ൩ | ഒററി | പുരയിടം | ൨൩൩ | ൪൭ | ൧൦൯൭൧ | പന ൩൩ പനത്തൈ ൧൧ വാക ൧ | കണക്കു ഭൂമികാവലപ്പെരുമാൾ ചെണ്ടുകക്കണ്ണു | കണക്കു ഭൂമികാവലപ്പെരുമാൾ ചെണ്ടുകക്കണ്ണു | ൧൦൭൯-മാണ്ടു ഇടവം ൨൦-ാം |
| ൧൩൨ | | | | | ൨൦൪൪ | ... | ജന്മം | | ൩൧൨ | ൨൭ | ൮൪൨൪ | വെമ്പുതൈ ൨ പന ൭ പനന്തൈ ൨൨ | ആവിടയമ്മ പെച്ചിയമ്മ | ആവിടയമ്മ പെച്ചിയമ്മ | |
| ൧൩൩ | | | | | [illegible] | ... | ഒററി | | ൨൪൦ | ൪൭ | ൧൧൨൮൦ | പന ൧൨ പനത്തൈ ൧൦ | മാണിക്കവാചകം പരമിശ്വരൻ മാണിക്കവാചകം വെണ്ണപ്പെരുമാൾ | മാണിക്കവാചകം പരമിശ്വരൻ | |

| പഴയ സർവേ നമ്പർ | സർവേ ചെയ്ത ... | താലൂക്ക് | പകുതി | മുറി | സർവേ നമ്പർ | ഡിവിഷൻ | ഇനം | നിലമോ പുരയിടമോ | ഏകദേശ വിസ്താരം: നീളം അടി | വീതി അടി | ചതുരശ്ര അടി | വൃക്ഷത്തിന്റെയും മറ്റും വിവരം | പേരിൽ പതിവുകാരന്റെ പേര് | അനുഭവക്കാരന്റെ പേര് | വിജ്ഞാപനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| [illegible] | ചന്ദ്രശേഖരപുരം | തോവാള | തോവാള | ചെണ്ബകരാമൻപുതൂർ | ൨൨൭൦ | | | | ൩൬൨ | ൨൪൦ | [illegible] | പന ൧൭ പന്തൈ ൧ ന്റെ ൨ വാക ൧ തൈ ൧ പുംക തൈ ൭ പുളി ൧ | കണക്ക ഭൂമികാവലപ്പെരുമാൾ ആറുമുഖപ്പെരുമാൾ | മാണിക്കവാചകം പാർവ്വതി [illegible] | |
| [illegible] | | | | | ൨൨൭൧ | | പാട്ടം | | ൭൦൭ | ൨൨൭ | [illegible] | പന തൈ ൩൦ വെമ്പു തൈ ൭ വാക തൈ ൭ പുംക തൈ ൧൨ | കുമരപ്പെരുമാൾ ഭഗവതിപ്പെരുമാൾ ടി ചിതംബരതാണു ടി മാതെവൻ ടി കാളിയമ്പി ഇശക്കിയമ്മ ഉലകപ്പിള്ള ഇശക്കിയമ്മ ഇശക്കിയമ്മ | താഴക്കുടി കുമരപ്പെരുമാൾ ഭഗവതിപ്പെരുമാൾ | |
| [illegible] | | | | | ൨൨൭൨ | | മാറി | പുരയിടം | ൭൩൭ | ൭൪൨ | [illegible] | പന ൧൪ തൈ ൧ വെമ്പു ൨ തൈ ൧ പുംക ൨ വാക തൈ ൭ മാവലങ്ങ ൧ പന്നതൈ ൧ | മുഖാമ്പിരിമുത്തു അനന്തപത്മനാഭൻ | മുഖാമ്പിരിമുത്തു അനന്തപത്മനാഭൻ | |
| [illegible] | | | | | ൨൨൭൩ | | പാട്ടം | | ൨൭൭ | ൨൭൭ | [illegible] | പന ൩൯ ടി തൈ ൨ ചിലാന്തി തൈ ൩ വെമ്പു ൨ വാക തൈ ൩ പുംക തൈ ൧ | കുമരപ്പെരുമാൾ ഭഗവതിപ്പെരുമാൾ ടി ചിതംബരതാണു ടി മാതെവൻ ടി കാളിയമ്പി ഇശക്കിയമ്മ ഉലകപ്പിള്ള ഇശക്കിയമ്മ ഇശക്കിയമ്മ | താഴക്കുടി കുമരപ്പെരുമാൾ ഭഗവതിപ്പെരുമാൾ | |

| പയർ നമ്പർ | സ്ഥലം എടുക്കുന്നതു ഇന്നാവശ്യത്തിന | വസ്തു കിടക്കുന്ന താലൂക്ക | പ്രവൃത്തി | മുറി | സർവ്വെ നമ്പർ | ലവര | ഇനം | നിലമൊ പുരയിടമൊ എന്നു | എടുക്കുന്ന സ്ഥലത്തിന്റെ നീളം അടി | വീതി അടി | ചെരുക്കം അടി | വൃക്ഷങ്ങളുടെയും മററും വിവരം | പെരിൽ പതിവുകാരന്റെ പെര | അനുഭവക്കാരന്റെ പെര | വിചാരണയിലെ ആളുകളുടെ ഒന്നാം ദിവസം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ൧൨൦ | ചണ്ണിവായ്ക്കാൽ വെട്ടി എടുപ്പാൻ | തൊവാള | തൊവാള | ചെണ്ണുകരാമൻപുതൂർ | ൨൨൧൪ | ഷ്ടി | പാട്ടം | പുരയിടം | ൪൫൩ | ൬൬൬ | ൩൩൦൩൭ | പന ൨൦ | താണുമാലയപ്പെരുമാൾ പത്മനാഭൻ ടി ഭൂമികാവലപ്പെരുമാൾ ബ്രഹ്മനായകം നമശിവായം വള്ളിഅമ്മ അണഞ്ഞപെരുമാൾ കണക്ക ഭൂമികാവലപ്പെരുമാൾ ശിവതാണു | ടിയാർകൾ | ൧൦൭൯ ഇടവം ൨൭- |
| ൧൨൧ | | | | | ൨൨൧൪ | ബി | ടി | | ൬൪൫ | ൬൨൬ | ൨൨൬൩൭ | പന തൈ ൭ | മാടിയാൾ താണുവ | ബ്രഹ്മനായകം നമശിവായം | |
| ൧൨൨ | | | | | ൨൨൧൫ | ഷ്ടി | ജന്മം | | ൩൨൩ | ൩൪൦ | ൦൯൨൨൮ | പന തൈ ൨൫ | താണുമാലയപ്പെരുമാൾ പത്മനാഭൻ ടി ഭൂമികാവലപ്പെരുമാൾ ബ്രഹ്മനായകം നമശിവായം വള്ളിഅമ്മ അണഞ്ഞപെരുമാൾ കണക്ക ഭൂമികാവലപ്പെരുമാൾ ശിവതാണു | ടിയാർകളാകുന്നു | |
| ൧൨൩ | | | | | ൨൦൪൨ | ബി | റെറി | | ൨൬൨ ॥ | ൪൨ ൫ | ൩൦൫൪൨ ॥ | പന ൬ പന തൈ ൦ | കണക്ക ഭൂമികാവലപ്പെരുമാൾ ആറുമുഖപ്പെരുമാൾ | കണക്ക ഭൂമികാവലപ്പെരുമാൾ ആറുമുഖപ്പെരുമാൾ | ൭ ഞാ- |

| പയൽ നമ്പർ | സ്ഥലം എടുക്കുന്ന [illegible] | വസ്തു കിടക്കുന്ന താലൂക്ക | പ്രവൃത്തി | മുറി | സർവെ നമ്പർ | [illegible] | ഇനം | നിലമോ പുരയിടമോ എന്നു | എടുക്കുന്ന സ്ഥലത്തിന്റെ നീളം അടി | വീതി അടി | [illegible] | വൃക്ഷത്തിന്റെയും മററും വിവരം | പേരിൽ പതിവുകാരന്റെ പേര് | അനുഭവക്കാരന്റെ പേര് | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| [illegible] | ചിറയിൻകീഴ് വലിയ തുറ എടുപ്പാന | തൊവാള | തൊവാള | ചെമ്പകരാമൻപുതൂർ | [illegible] | സി | ഒററി | പുരയിടം | [illegible] | [illegible] | [illegible] | പന [illegible]<br>പന തൈ [illegible]<br>ചിലാന്തി തൈ [illegible]<br>പുങ്ക [illegible]<br>വാക തൈ [illegible] | കണക്ക ഭൂമികാവലപ്പെരുമാൾ ശിവതാണു | കണക്ക ഭൂമികാവലപ്പെരുമാൾ ശിവതാണു | |
| [illegible] | | | | | [illegible] | ബി | ജന്മം | | [illegible] | [illegible] | [illegible] | ... | മാടിയാൾ താണുവ | ബ്രഹ്മനായകം നമശിവായം | |
| [illegible] | | | | | [illegible] | ഏ | പാട്ടം | | [illegible] | [illegible] | [illegible] | പന [illegible]<br>തൈ [illegible]<br>വെമ്പു തൈ [illegible]<br>വാക തൈ [illegible] | കണക്ക രാമസ്വാമി കുമാരസ്വാമി | കണക്ക രാമസ്വാമി കുമാരസ്വാമി | |
| [illegible] | | | | | [illegible] | ... | ഷ | | [illegible] | [illegible] | [illegible] | പന [illegible]<br>പന തൈ [illegible]<br>വെമ്പു [illegible] | കണക്ക ശ്രീനാഥൻ അനന്തപത്മനാഭൻ<br>മാടമുത്തു പച്ചപ്പെരുമാൾ<br>മാടമുത്തു പലവേശം | കണക്ക ശ്രീനാഥൻ അനന്തപത്മനാഭൻ<br>മാടമുത്തു പലവേശം<br>മുത്തമ്മ താണു | |
| [illegible] | | | | | [illegible] | ബി | ഷ | | [illegible] | [illegible] | [illegible] | പന [illegible] പുങ്ക [illegible]<br>വെൾവെല [illegible] | താണു ശിവജ്ഞാനം | താണു ശിവജ്ഞാനം | |
| [illegible] | | | | | [illegible] | ... | ഒററി | | [illegible] | [illegible] | [illegible] | പന [illegible] വെമ്പു [illegible]<br>വെമ്പു തൈ [illegible] വിരി<br>ശ്രു [illegible] മഞ്ഞണാത്തി<br>തൈ [illegible] വെൾവെല [illegible] | താണു ശിവജ്ഞാനം | താണു ശിവജ്ഞാനം | [illegible] |

Notice of auction sale of contract for the supply of carts, bulls, &c., for the Conservancy Department.

## തിരുവിതാംകൂർ സാനിട്ടെരി കമ്മിഷണരാപ്പീസിൽ നിന്നും

## പരസ്യം ചെയ്യുന്നതെന്തെന്നാൽ

പത്മനാഭപുരം ടൌൺ കൺസർവെൻസി വകക്കു ചവറുകൾ അടിപ്പിപ്പാൻ കൊടുത്തിട്ടുള്ള കുത്തക ൧൦൭൯-ാമാണ്ടു കർക്കടകമാസം ൩൧-നു-യോടു അവസാനിക്കുന്നതിനാൽ വരുന്ന ൧൦൮൦-ാമാണ്ടു ചിങ്ങമാസം ൧-നു- മുതൽ ഒരു വർഷത്തെക്കു വണ്ടികൾക്കും കാളകൾക്കും കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു കുത്തക ഏറ്റു നടത്തുന്നതിനു മനസ്സുള്ള ആളുകൾ താഴെ പറയും പ്രകാരം ഏടപ്പാനുള്ളതാകുന്നു

൧. തക്കതായി നല്ല ചൊടിയുള്ളതിൽ രണ്ടു ജോടി കാളകളും ചവറു മുതലായതു കയററുന്നതിനു നല്ലതായി ഒന്നെകാൽ കോൽ വീതിയും മൂന്നു കോൽ നീളവും കൊണ്ട ..ഴ വണ്ടിയിൽ രണ്ടു വണ്ടികളും . കാളകളും ദിവസംപ്രതിദിനം കാലത്തും വയ്യിട്ടും ആവശ്യപ്പെടുന്ന സമയങ്ങളിലും ഹാജരാക്കി കൺസർവെൻസി ഓവർ സീയർ ശട്ടം കെട്ടുന്നതുപോലെ ഉപയോഗപ്പെടുത്തി മാററിക്കൊണ്ടതായ ചവറു എച്ചിൽ ചാമ്പൽ മണ്ണു മുതലായതും നിയമിക്കുന്ന സ്ഥലങ്ങളിൽ കൊണ്ടു ചെന്നു ഇടേണ്ടതാകുന്നു.

൨. കുത്തകക്കാറൻ ഹാജരാക്കുന്ന വണ്ടികളിൽ ചവറു മണ്ണു മുതലായതു വാരിയിട്ടാൽ അതുകൾ വഴികളിൽ വീഴാതെയും വണ്ടികൾ കാഴ്ചക്കു ഭംഗിയായും ഇരിക്കേണ്ടതാകുന്നു വണ്ടിയിൽ മൂന്നടി പൊക്കത്തിൽ ഘനമുള്ള പലകകൾ മൂന്നു വശങ്ങളിലും താഴ്ചം പിൻവശം ടി പൊക്കത്തിൽ അടപ്പു പലക ഇട്ടും .ഇരിക്കേണ്ടതാകുന്നു അടിയിലും ഘനമായ പലക ഇട്ടു തറച്ചിരിക്കണം വണ്ടികളിൽ നാലു വശങ്ങളിലും അടിയിലും ഉള്ള പലകകൾക്കു അകവും പുറവും നാലു മാസത്തിൽ ഒരിക്കൽ കീൽ അടിപ്പിച്ചും വണ്ടികളിൽ മുൻ വശത്തു പലകകളിൽ കൺസർവെൻസി സ്റ്റെഷൻ പെരും വണ്ടികൾക്കു എ ബി, എന്നുള്ള അടയാളവും വെളുത്ത ചായം കൊണ്ടു ഭംഗിയായി എഴുതിച്ചും ഇരിക്കണം.

൩. ടി വണ്ടികളും കാളകളും ദിവസംപ്രതി കാലത്തു അഞ്ചരമണിക്കും വയ്യിട്ടു മൂന്നു മണിക്കും ഓവർസീയർ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ ഹാജരാക്കി അവിടവിടെയുള്ള ചവറു മുതലായതിനെ ശരിവരെ മാററി തീരുന്നിടത്തോളം വേല ചെയ്യിക്കേണ്ടതാകുന്നു കുത്തകക്കാറൻ ഹാജരാക്കുന്ന കാളകൾ വേലക്കു ശേഷിയില്ലെന്നൊ വണ്ടികൾ അനാവശ്യം ...... വേലക്കു തക്കതല്ലെന്നൊ കാണപ്പെട്ടാൽ അതുകളെ കൺസർവെൻസി ഓവർസീയർ നിഷേധിക്കാവുന്നതാകുന്നു അങ്ങിനെ നിഷേധിക്കുന്ന പക്ഷം പകരം വെറെ നല്ല വണ്ടിയും കാളകളും കുത്തകക്കാറൻ ഹാജരാക്കേണ്ടതും അങ്ങിനെ കുത്തകക്കാറൻ ഹാജരാക്കാഞ്ഞാൽ ഡിപ്പാർട്ടുമെൻറു മുഖാന്തിരമായി വെറെ നല്ല വണ്ടിയും കാളകളും വരുത്തി നടത്തിച്ചു അതിൽ വച്ചു സർക്കാരിലെക്കു ഉണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാറനെകൊണ്ടു ഉത്തരവാദം ചെയ്യിക്കുന്നതുമാകുന്നു.

൪. ടൌണിലുള്ള ചവറു മുതലായതിനെ തട്ടുന്നതിലെക്കു ക്ലിപ്തപ്പെടുത്തീട്ടുള്ള സ്ഥലത്തു കുത്തകക്കാറൻ ഇട്ടുചിക്കേണ്ടതും അങ്ങിനെ ചെയ്യാതെയിരുന്നാൽ അവയെ കൂലി വണ്ടി വച്ചു മാററിക്കാവുന്നതും അതിൽ വച്ചു ഉണ്ടാകുന്ന നഷ്ടത്തിനെ കുത്തകക്കാറനു ചെല്ലുവാനുള്ള പണത്തിൽ നിന്നും പിടിച്ചു ഈടാക്കുന്നതുമാകുന്നു.

൫. ഉടമ്പടിപ്രകാരം അതാതു സ്ഥലങ്ങളിൽ വണ്ടി ഹാജരാക്കി ചവറു മുതലായതിനെ മാററാതെ കുടിശ്ശിഖ വരുത്തുകയൊ കുത്തക വണ്ടികളെയും കാളകളെയും ആവശ്യപ്പെടുന്നസ്ഥലത്തു ഹാജരാക്കാതെ വെലക്കു വീഴ്ച വരുത്തുകയൊ ചെയ്താൽ ആ വീഴ്ചകൾക്കു മൂന്നു ദിവസം വരെ കൂലി വണ്ടി വച്ചു മാററിക്കുന്നതും നാലാം ദിവസം ഹാജരാകാതപക്ഷം കുത്തക അവധി കഴിയുന്നതു വരെ സ്ഥിരമായി കൂലിവണ്ടി ഏപ്പെടുത്താവുന്നതും ഈ വിധം ചെയ്യുന്നതിൽ വച്ചു സർക്കാരിലെക്കു സംഭവിക്കുന്ന നഷ്ടത്തിനെ കുത്തകക്കാറനിൽ നിന്നു ഈടാക്കുന്നതുമാകുന്നു.

൬. കുത്തക ഏററു നടത്തുന്ന ആളുകളും വാണിഭക്കാരും വേലക്കാരും നെരാകുംവണ്ണം അതാതു സ്ഥലങ്ങളിൽ ക്ലിപ്തപ്പെടുത്തിയ സമയങ്ങളിൽ ഹാജരാകാതെയിരിക്കുകയൊ കൺസർവെൻസി ഓവർസീയരുടെ വരുതി അനുസരിച്ചു നടക്കാതെയും ആവശ്യപ്പെടുന്ന സമയങ്ങളിൽ വരുതിപ്രകാരം ഹാജരാകാതെയും മററും ഇതുപൊലെയുള്ള വീഴ്ച ചെയ്യുന്നതായി ബോദ്ധ്യപ്പെടുകയൊ ചെയ്താൽ സർക്കാരിൽ നിന്നും ഗൌനിച്ചു വീഴ്ചകളുടെ താരതമ്യം പൊലെ കുത്തകക്കാറനു പ്രായശ്ചിത്തം നിശ്ചയിക്കാവുന്നതും ഒരു പണം മററുള്ള നഷ്ടങ്ങളെപ്പൊലെ ഉണ്ടാക്കുമെന്നുള്ളതുമാകുന്നു

൭. ഒരു കുത്തക ഏററു നടക്കുന്നതിനു മനസ്സുള്ള ആളുകൾ ഒരു വരുന്ന മിഥുനമാസം ൨൫- പകൽ ൧൧ മണിക്കു തലസ്ഥാനത്തിൽ സതാൻ ഡിസ്ത്രിക്ട സാനിട്ടെറി ആഫീസർ മുമ്പാകെ ഹാജരാകെണ്ടതും ഹാജരാകുന്ന എല്ലാ ആളുകളെയും കൂടി നിറുത്തി ലെലമായിട്ടു കെട്ടു കറഞ്ഞ തുകക്കു ഏല്പെടുന്ന ആളുകൾക്കു ഹജൂർ അനുവാദത്തിന്മെൽ കുത്തക സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതുമാകുന്നു. ഉടമ്പടിക്കു ഏല്പെടുമെന്നുള്ള ജാമ്യത്തിനു വെണ്ടി ലെലസമയം ൨൫ ബ്രിട്ടീഷു രൂപാ വീതം ഡെമണികെട്ടിവച്ചു ലെലത്തിൽ ചെരെണ്ടതും അങ്ങനെ ചെരുന്നവരിൽ കുത്തക ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശെഷം ചെരുടെ രൂപാ ഉടനെ തിരികെ കൊടുപ്പിക്കയും ചെയ്യുന്നതും അങ്ങനെ ഡെമണി കെട്ടിവെക്കാത്തവരെ ലെലത്തിൽ ചെർപ്പിക്കുന്നതല്ലാത്തതും ആകുന്നു ഒരു കുത്തക ഏററു നടക്കുന്നവർ സർക്കാരിലെക്കു ൫൦ ബ്രിട്ടീഷു രൂപാ ഡെമണി കെട്ടിവെക്കെണ്ടതാകുന്നു.

൮. കുത്തക സ്ഥിരപ്പെട്ട ഉടനെ കുത്തകവ്യവസ്ഥകൾ അനുസരിച്ചു വീഴ്ച കൂടാതെ നടന്നുകൊള്ളാമെന്നും അല്ലാത്തപക്ഷം ഡെമണി രൂപാ ഇളന്നുകൊള്ളുന്നതും കുത്തകയെ അസ്ഥിരപ്പെടുത്തുന്നതും സമ്മതമെന്നും മററും ഒരു ഉടമ്പടി കുത്തകക്കാറന്റെ ചിലവിന്മെൽ എഴുതി വയ്ക്കെണ്ടതാകുന്നു കുത്തകക്കു ഏല്പെടുന്ന ആളുകൾ ആദ്യം കെട്ടി വച്ചിട്ടുള്ള ൨൫ രൂപാ പൊകെ ശെഷം ൨൫ രൂപാ കുത്തക സ്ഥിരപ്പെടുത്തിയ തീയതി മുതൽ മൂന്നു ദിവസത്തിനകം കെട്ടി വയ്ക്കെണ്ടതും അതിൽ പിന്നീടു ഉടമ്പടി എഴുതി വച്ചു കുത്തക നടപ്പാനുള്ളതുമാകുന്നു അവധിക്കകം ഡെമണി കെട്ടിവയ്ക്കാതിരിക്കുകയൊ മററു ഏതെങ്കിലും തക്കങ്ങൾ പറഞ്ഞു പിൻമാറുകയൊ ചെയ്താൽ ആദ്യം വയ്ക്കുന്ന ഡെമണി വക രൂപാ പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതു കൂടാതെ ആവർത്തിച്ചു കുത്തക കൊടുക്കുകയും അതിൽ വച്ചു സർക്കാരിലെക്കു നഷ്ടം നെരിട്ടാൽ അങ്ങനെ നെരിടുന്ന നഷ്ടം ആദ്യ കുത്തകക്കാറനിൽ നിന്നും ഉണ്ടാക്കിക്കുകയും ചെയ്യും എന്നാൽ ആവർത്തിച്ചു കുത്തക കൊടുക്കുന്നതിൽ വച്ചു ലാഭം വരുന്നതായാൽ അതിലെക്കു ആദ്യ കുത്തകക്കാറനു അവകാശമില്ലാത്തതാകുന്നു.

൯. കുത്തകക്കാറന്റെ പക്കൽ നിന്നും സർക്കാരിലെക്കു ഉണ്ടാകുവാനുള്ള സകല നഷ്ടങ്ങളെയും ഡെമണി തുകയിലും അതിലും കവിയുന്ന പക്ഷം കുത്തകക്കാറന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഉണ്ടാക്കുന്നതുമാകുന്നു.

൰. കുത്തകക്കാറനു അതാതു മാസം കൊടുപ്പാനുള്ള പണത്തിനു കൺസർവെൻസി ഓവർസീയരുടെ ബിൽ വന്നു അനുവദിച്ചു കഴിഞ്ഞാലും താലൂക്കിൽ നിന്നും കുത്തകക്കാറന്റെ പററുശീട്ടിയിന്മെലും ഡെമണി രൂപാ കുത്തക അവധി കഴിഞ്ഞും മുൻപൊലെ കൊടുപ്പിക്കുന്നതാകുന്നു കുത്തക സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും എന്നു

സാനിട്ടെറി കമ്മിഷണരാഫീസു }
തിരുവനന്തപുരം ൧൦൯൧ മെടം ൨൨നു }

തിരുവിതാംകൂർ സാനിട്ടെറി കമ്മിഷണർ
എസ്. കൃഷ്ണമൂർത്തി അയ്യർ.

## തിരുവിതാംകൂർ സാനിട്ടേറി കമ്മിഷണരാപ്പീസിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കുഴിത്തുറ കൺസർവെൻസി ടൌണിലുള്ള റാന്തൽ വിളക്കുകളിൽ വിളക്കുവെപ്പിനു ആവശ്യമുള്ള മണ്ണെണ്ണ തിരപ്പെട്ടി നാടാത്തിരി ഈ വക സാമാനങ്ങൾ ഏല്പിക്കുന്നതിനു കൊടുത്തിട്ടുള്ള കുത്തക അവധി ൧൦൭൯-ാമാണ്ടു കക്കിടകമാസം ൩൧-നു-യോടു അവസാനിക്കുന്നതും വരുന്ന ൧൦൮൦-ാമാണ്ടത്തേക്കു മേൽവിവരിച്ച സാമാനങ്ങൾ അത്രയും ഒന്നായി ലേലം വിളിപ്പിച്ചു കുറഞ്ഞ തുകക്കു വിളിക്കൊള്ളുന്നവർക്കു കുത്തക കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ലേലത്തിൽ ചെന്നു കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ താഴെ പറയുന്ന പ്രകാരം നടപ്പാനുള്ളതാകുന്നു.

൧. മാസം ഒന്നുക്കു ൨൪ ഔൺസ് പിടിക്കുന്ന കുപ്പിയിൽ ൨൪ കുപ്പി വീതം കൊള്ളുന്ന ൧൨൦ ഡിഗ്രി ഉള്ളിട്ടുള്ള ഡപ്പാവിൽ ഒന്നര ഡപ്പാ മണ്ണെണ്ണയും, മുക്കാൽ ഇഞ്ചു വീതിയിൽ ൧൦ നാടാത്തിരിയും കാൽ ഡസൻ തിരപ്പെട്ടിയും ആവശ്യമുള്ളതും അവയെ സ്ഥലത്തു കൺസർവെൻസി ഓവർസീയരെ അതാതു മാസം ൧-നു- തന്നെ ഏല്പിച്ചു രസീതു വാങ്ങിച്ചുകൊള്ളേണ്ടതുമാകുന്നു.

